R66x H50:1 32F2
VISHAYANANDA PRAKARANA—VENKATESWARA IYER

087409

MUL

**Madras University Library.**

DOCTRINA·VIM·PROMOVET INSITAM

Call Number Rb6xH50:1 32F2

Accession Number 87409

Available for loan from

This book should be returned on or before
the date last marked below.

23 DEC.

061

Harih Om.

# VISHAYANANDA PRAKARANA

OR

## PLEASURES OF LIFE.

BY

VIDYARANYA SWAMI.

WITH

*"A Malayalam Commentary"*

BY

M. K. VENKATESWARA AIYAR.

AND

*"Forewords"*

BY

Messrs. M. NARASINGA RAO, (*Pro: Jud: Ser:*)
AND
T. R. RAMACHANDRA AIYAR,
(*High Court Vakil*).

**Palghat.**

Printed at The M. V. Press.

1922

87409
16885
R66x1150;1
32F2

# Preface.

ഹരിഃ ഓം.

നിവാസവൃക്ഷഃ സാധൂനാം
ആപന്നാനാം പരായണം
ഭക്താർത്തിഭഞ്ജനഃ ശ്രീമാൻ
കൃഷ്ണഏവ ഗതിർമ്മമ.

God shall be my hope, my stay, my guide.
And lantern to my feet.

Shakespeare.

This was the song of our fore-fathers as they were alive to the liternal meaning of the word Buddhi-Muttu (ബുദ്ധിമുട്ട്) or the limitations of the power of the brain. Any practical man of the present day must have observed and felt the insufficiency of the brain culture to solve the problems of the individual, domestic, social and political lives. Human intelligence, reasoning faculty, prudence, tact, memory and cleverness require a reliable supplement to assure peace, prosperity and happiness. Very few realise that Veda is such a reliable essential supplement.

## Vedic Wisdom.

The peculiarities of Vedic Wisdom are

(1) അദൃഷ്ടാർത്ഥബോധകത്വം = Giving enlightenment where the brain power fails.

(2) അബാധിതാർത്ഥബോധകത്വം = Enlightenment which cannot be refuted as unreliable,

(3) അപൌരുഷേയത്വം = Not vitiated by personal defects.

(4) നിത്യത്വം = Unchangable throughout eternity.

and (5) സ്വതഃ പ്രമാണത്വം = Independent authority.

A study of the Vedas will show that God alone is the source of our happiness and that it is a mistake to imagine that culture which does not aim at revealing the inner Divine Nature in us, will be conducive to our happiness.

That is why Cowper says:

He lives who lives to God alone,
And all are dead beside,

## God and Goodness.

Mr. F. W. Robertson says:

The love of God is the love of goodness. The old saxon word "God" is identical with good. God "the good one" personified goodness. There is in this derivation not a mere play of words; there is a deep truth. None loves God but he who loves good. To love God is to love what God is. God is true, pure and just and he who loves these things out of God, may love them in God."

## Divine Nature and good character

Our fore-fathers expressed the same idea by saying that God is an embodiment of Ananta

Kalyana Guna or never ending virtues and glories. And as happiness is inseparable from such virtues His bliss is eternal and unsurpassable. We have an admixture of pain and misery in our happiness because we have vices along with virtues. So the only way to eschew our pain and misery is to convert our Swabhava or nature into one of Anantakalyana Guna or Divine nature. As the symbol of our inner nature is our character it may be said that we can assure our happiness only by the formation of a good character. Culture and education serve their purpose only if they are used to bring about tuition from within or intuition which converts our nature or Swabhava into Divine nature which is bliss itself.

## Brahmanandam and pleasures of life.

Vidyaranya Swami says:

ഏഷൊസ്യപരമാനന്ദൊ
യൊഖണ്ഡൈകരസാത്മകഃ
അന്യാനിഭൂതാന്യെതസ്യ
മാത്രമെവൊപഭുഞ്ജതെ.

His Supreme bliss is such that it is eternal and unsurpassable. Other beings enjoy only a partial glimpse of the same. Our pleasures of life are only like the refreshments supplied in the watersheds and choultries on the way to the Brahmanandam of God. Just as travellers are not allowed to remain in the same choultry for more than the allotted short periods, we are expected to march on in our jivayatra to better choultries arranged on the

way. As there is nothing wrong in a traveller taking temporary rest in a choultry and having refreshments there, provided he remembers that he is on the way to a fixed destination, there is nothing wrong in our enjoying life on the way and progressing towards God which is our destination. Such choultries which make life pleasant on the way are

I(a). Health, (b). Wealth, (c). Influence, (d), Power, (e). Dignity, (f) Fame, and (g) Knowledge, which supply MANUSHYA ANANDA or HUMAN PLEASURES.

II. Capacity to gain all created objects corresponding to the Chintamani, Kalpaka Vriksha and Kama Dhenu of the Devas, which gives DEVA ANANDAM or DIVINE PLEASURES.

III. The power to create, preserve and dissolve any thing and every thing at will revealing BRAHMANANDA.

When we reach the last of these, we are near and in sight of the Supreme Being. Gradually we find we have enlarged our Scope of life and have become one like the Supreme Being. Ultimately we feel our identify with the Supreme Being. These stages are called Samipya (സാമീപ്യ) Salokya (സാലോക്യ) Sarupya (സാരൂപ്യ) and Sayujya (സായൂജ്യ) of God or the Supreme being.

**Life is a gradation of Sacrifices.**

In this process we are giving up the pleasures of lower life for securing higher pleasures. We sacrifice sensual pleasures to get mental ones

which are in their turn sacrificed for the intellectual. Ultimately we find that all may be sacrified for the Spiritual bliss. All these sacrifices are only like a Munsiff sacrificing his place when he is promoted al a Sub-Judge. "No man is called to a life of self-denia for its own sake. It is in order to a compensation which is always real and proportionate." By these gradation of sacrifices we realise that what appears as *our Small being* is really identical with the *Supreme Being.*

## Supreme Being & Mortals.

Sri Sankaracharya defines Supreme Being as follows:

യല്ലാഭാൽ നാപരൊ ലാഭഃ
യൽ സുഖാൽ നാപരം സുഖം
യജ്ഞാനാൽ നാപരം ജ്ഞാനം
തൽബ്രഹ്മെത്യവധാരയെൽ.

Know that to be the SUPREME BEING higher than which there is no gain, happiness or wisdom. Therefore the destination of our Jiva Yatra is Param Brahma or Supreme Being. In other words our small being or life must expand and become identical with the Supreme Being who is all-powerful, omniscient and omnipresent. This process of expansion is expressed by the idea that we must cultivate a habit of loving our friends, relations, countrymen and all fellow-beings as we love ourselves. We then find that love is the common factor in altruism, patriotism, affection, friendship, and selfishness and its scope only is different in each. Similarly we find that such love brings about the following virtues in us viz.,

(1) Peace of mind and cheerfulness, (2) Patience, (3) Mercy, (4) Sympathy, (5) Philanthrophy, (6) Charity, (7) Nobility, (8) Respect, (9) Veneration, (10) Impartiality, (11) Moral Courage, (12) Honesty, (13) Uprightness, (14) Humility and Modesty, (15) Repentence, (16) Non-violence, (17) Self-respect, (18) Self-sacrifice, (19) Self-control, (20) Self-culture, (21) Self-reliance, (22) Insight, (23) Intuition, (24) Discrimination and determination.

When all these qualities express themselves in our conduct we are said to be men of good character.

## Worldly Success & Happiness.

Every thoughtful practical man will admit that these qualities should necessarily supplement (1) Cleverness, (2) Reasoning, (3) Intelligence, (4) Prudence, (5) Tact, and (6) Memory for success in this world as well. In other words, good character and capacity must be combined for success in this world also.

Thus we find that the way to worldly success as well as realisation of Brahma Anandam is a path of righteousness based on the formation of an excellant character and acquisition of good capacity.

Vidyaranyaswami was a minister of state in his Purva Asrama and so had wide practical experience of the world. As he found that the majority of human beings suffer because they underestimate the value of a pure heart and good character, he wrote a prakarana called "Vishayananda Prakaranam" where

he shows that purity of heart is the only condition precedent both for happiness in this life and for Brahmanandam. A close study of that will show that purity of heart will reveal the inner Divine Nature in us and we shall be happy for ever by remoulding the stupid and wicked aspects of our mind into a peaceful harmonious one.

It will show further that very many are under a misconception that the teachings of Vedanta are opposed to the enjoyment of life here. As a matter of fact such teachings are essential for worldly success and happiness as well.

As explanations of such works in Malayalam are few, it is hoped that the following commentary in Malayalam of Vidyaranya Swami's "Vishayananda Prakarana" will be welcome to the Malayalam knowing public.

M. K. VENKITESWARA IYER.

## A FOREWORD.

The PANCHADASI of the well-known VIDYARANYA SWAMI is a metrical discourse in fifteen chapters on SAT-CHIT-ANANDA, each of these three stages in the Supreme Realisation having been treated in five chapters. The SAT is the stage of the factum of bare existence, as it appears in all things by the operation of MAYA or illusion. This state is found in all inanimate objects. In the CHIT stage the mind intervenes. It appears in addition to SAT, in the animal kingdom. The mind may be practically passive, as in the lower animals; or more or less active, as in the higher, reaching its highest pitch in man. In its developed state it begins to reason and comes to conclusions, right, wrong or indifferent. It has its doubts and fears, and is more or less controlled by a variety of passions and emotions. In the matter of the Supreme Realisation it is merely groping in the dark. In the last or ANANDA stage, the mind will have found its level, will have entered on the right path to the Supreme Realisation, and with the accumulated experience and uninfluenced by passions and emotions, will be working, automatically and without effort towards the final goal.

The present pamphlet is the last or the fifteenth discourse in the PANCHADASI. It deals with VISHAYANANDA, the (genuine) worldy bliss, which is temporary, as opposed to BRAHMANANDA or PARAMANANDA, the Supreme Bliss, which is eternal and which therefore is or ought to be the final

goal, man has in view. The Swami's main contention in this discourse is that VISHAYANANDA is not really antagonistic or obstructive to BRAHMANANDA, but is in fact part of, and "the door" to, the latter.

The Swami starts by saying that there are three states of mind. (i) the MOODHA, the stupidly ignorant, in which the TAMASA quality prevails; (ii) the GHORA, the passionately active, in which the RAJASA quality is predominant; and (iii) the SHANTA, or the perfectly placid, in which the SATWIKA quality has its sway. In the first two imperfect states the mind reaches only as far as the CHIT stage, by the force of whatever purity it may possess. It sees the Essential Soul through different media and is unable to realise it as one. When the mind attains the more or less perfect SHANTA state, glimpses of ANANDA commence to appear and continue intensified. But perfect bliss, even worldly cannot be attained until the SATWIKA quality is allowed the fullest play, to the entire exclusion of the RAJASA and TAMASA.

The Swami's argument is that perfect worldly bliss (VISHAYANANDA), attainable only when the SHANTA state of mind is working in co-operation with the SATWIKA quality, is the reflection of the Supreme Bliss (BRAHMANANDA or PARAMANANDA) and that the attempt to attain it serves as the preparation or the training necessary for passing on to the latter. In fact, the MISRA (mixed or Saguna) BRAHMA stage on the path to the

Supreme Realisation will then have been reached. To attain the AMISRA (unmixed or Nirguna) BRAHMA stage, in which the enjoyer, the enjoyed and the enjoyment are all blended together into a single whole, one should have the further positive qualifications of JNANA (unerring spiritual knowledge) and YOGA (single-minded concentration). The MAYA or illusion, the source of false notions, helpless inertia and useless sorrow, should also be wholly cast aside. Then only the Supreme can really be realised, and no further evolution is necessary or possible. Knowledge of any great Vedantic truth is good. Belief in it is better. But neither knowledge nor belief is Realisation without which nothing can be achieved.

The learned commentator's attempt is to present these truths in popular Vernacular in this treatise, as he has similarly expounded other spiritual and philosophical truths in the numerous other pamphlets issued by him before this. Ignorance of a dead, though most beautiful, language like Sanskrit, is not the only difficulty of the ordinary reader, whom they are intended to reach. With the usual modesty of great men, the Swami purported only to expound the truths discovered and stated by the ancient sages. But he is not a mere commentator any more than Sri Sankaracharya was. His expositions were only less inspired than the originals. Like all inspired or half inspired statements of eternal truth recorded (or uttered) centuries ago, they do not precisely coincide with the ways the modern readers are

accustomed to. Hence lies the great value of further elucidation by an acute commentator like this who combines profound knowledge of ancient literature with modern ways of thought. To such a commentator all right minded men will I trust extend a hearty welcome in sincere gratitude. It is my firm conviction that all advance in civilisation will be illusory till a general desire to realise eternal truths manifests itself in human hearts.

M. NARASINGA RAO,
(Provincial Judicial Service).

# A FOREWORD

BY

## T. R. RAMACHANDRA AYYAR.

*Sree Rama Jayam.*

It is well said that the proper study of man is man. In other words Atmagnanam or knowledge of self is the summum bonum of existence. If you ask a person ignorant or cultured, "what do you mean by "I," he will simply laugh and say it is self-evident. If you pursue the question still further and ask him "do you mean by "I" the body (സ്ഥൂലശരീരം), life (പ്രാണ), mind (ചിത്തം) or soul (ആത്മാ) or all or any of these" he will feel considerable difficulty in answering the question.

A man says "I am a boy, I was a young man, I am an old man, I am fair, I am dark, I am deaf, I am blind, I have a wife, I have a son, I was a king, I am a pauper, I am suffering from fever, I am ill, I am dying, I have friends, I have enemies." In all these cases he evidently refers to the physical body when he says "I."

Suppose a man says "I am very intelligent, I am stupid, I am happy, I am sorry, I am indifferent, I am peevish, I am jealous of him, I am greedy." In all these cases when he says "I" he refers to the mind.

Ordinarily a man is awake, or fast asleep, or is disturbed by dreams when asleep. His experiences in these three states require to be carefully examined. A man may be in Samadhi. We are not familiar with the experiences of a person in Samadhi. The man that is awake, has his mind and body active and is fully concious of everything that takes place around him.

In a state of dream, the man has very novel and strange experiences which we know to be unreal. The body is inactive and he is utterly unconcious of what takes place around him. His senses lose connection with the mind, and are altogether inactive and their functions are absolutely suspended. The mind or a part of it is working and it is difficult to account for his experiences. The most curious thing about a dream is that the dreamer sees without eyes, hears without ears, talks without the tongue, smells without the nose and so on and his objects of perception are all unreal. As in sound sleep so in a dream he is dead to the external world which is real or which we consider to be real. The mind creates a world of its own (മനോരാജ്യം). For instance, a man in Madras may dream that he is bathing in the Ganges, that he is dead and that his body is being cremated in Banares. The experiences of the man in dream are well-known. It is such a strange phenomenon, that those who carefully ponder over it will derive a world of information about man.

The man in sound sleep knows nothing. He is not concious of possessing a mind or body or of the

existence of the external world. After sleeping soundly a man says I slept soundly but I knew nothing. If a man is fast asleep, the vital functions such as breathing and circulation go on, in other respects he is practically dead to the external world.

Now let us compare the experiences of a man in the three states of wakefulness, dream and sleep. As already pointed out the mind and body are active in a state of wakefulness, while in dream the mind alone is active without reference to the senses or the external world. The mind acts upon itself. In sleep the mind and body are absolutely inactive and yet a pleasurable feeling which is unlike worldly pleasures is experienced. In all the three states the man is alive. In a state of Samadhi also the mind and body are active but the man is not ignorant or unconcious as in sleep. His experiences are peculiar. Without the help of the mind and the senses he sees and he knows what cannot be seen or known with their help. Who is the "I" in the wakeful state, in dream, in sleep and Samadhi and in the above declarations. The identity of the "I" in all the four states as well as in all the above declarations is admitted to be unquestionable. Is that so or not. Let Vedanta answer. Birth and death are two undeniable facts. Whence do we come? Where do we go? Does death mean a destruction or annihilation of everything that is in man? Does anything survive, if so, what? What becomes of it after death? Man as constituted cannot realize the truth without the help of the shastras. It is only by strictly following the shastraic ways that we can hope

to have any realization of the truth. Are we born again? If so in what condition are we, after death and before we are conceived. These are questions which very much concern us and it must be our earnest endeavour to find out the answers to these questions. The avoidance of pains and sufferings and the enjoyment of worldly pleasures is the sole aim of humanity. The actions of man are directed towards the attainment of this object. So long as man is possessed of such a desire he is swayed by passions and his actions are mostly controlled by them. Such a course is not conducive to the acquisition of real knowledge. It is by conquering the passions and freeing the mind from their control that its powers of discovering truth are developed. The mind that is clouded by passions is incapable of realising the truth. How the emancipation of the mind is to be acheived, the shastras will tell you. If you carefully examine the human mind you will see that there are two conflicting natures in man and a perpetual struggle as that between the Devas and the Asuras is going on. The Devas and Asuras are symbolical of the divine nature and the Asura or evil nature in man. The good qualities of the mind such as fearlessness, purity of the heart, gnana or knowledge of the shastras, yoga or reducing of the shastric knowledge to action, dana, sacrifice, control of passions, tapas, honesty in thought, word and action, patience, mercy, sympathy, avoidence of pain and misery to all beings, philanthrophy, nobility, being ever alive to one's own faults and blind to other's faults, are Deva or divine, while the opposite qualities such as impurity of the heart, cunning,

dishonesty, hatred, cruelty, meanness, anger, ignorance of shastras, stupidity, greed, cowardice, pride, conceipt, indolence, jealousy, wickedness and the like are Asura or evil qualities. A little reflection will convince you that no man is possessed of all the good qualities to the fullest extent and is absolutely devoid of all evil qualities. When you say a man is good you simply mean that there is no preponderance of good qualities in him, while by a bad man you mean the bad qualities preponderate over the good ones. Thus there is the struggle in every human mind. It is only when you completely subdue your passions and have a thorough mastery over them, and the good qualities have free play and reign supreme that the man becomes fit for gnana and that he becomes capable of realizing what he is.

The deva or divine quality is called Satwaguna while the Asura or evil quality consists of Rajoguna and Tamoguna. The developement of the Satwaguna at the expense of the Rajasa and Tamasagunas will bring about Chiththasuddhi or purity of the mind and the acquisition of real knowledge then becomes easy. Once you obtain real knowledge you will then be able to answer the questions that have been propounded. Then you are said to have attained Atmagnanam.

By Shastras are meant the four Vedas. The Smritis, Puranas, the so-called Shastras, attempt in their own way to convey the meaning of the Vedas which are not easily understood. The Panchadasee prakaranam attempts to give the purport of the

Shastras in an intelligible form so that the reader may have a clear perception of the teachings of the Shastras. Mr. M. K. Venkateswara Iyer has in the midst of his multifarious duties undertaken to translate the Panchadaseeprakaranam in Malayalam and by explanatory notes, by apt quotations and illustrations to fully bring out the meaning of the original. Mr. Venkateswara Iyer is eminently qualified for the task by his knowledge of Sanskrit, by his deep study of Shastraic works and by his powers of clear exposition, and above all by a laudable desire to serve the cause of Hindu religion. I have no doubt that those that are unacquainted with Sanskrit and the Shastras will find the work highly useful. I greatly commend the disinterested labours of my friend Mr. Venkateswara Iyer a devotee of Sri Krishna, who has made the Shastras his life long study and diffusion of Shastraic knowledge his business in leisure hours.

(Sd). T. R. RAMACHANDRA AYYAR,
High Court Vakil
MADRAS.

# വിഷയാനന്ദപ്രകരണം.

വേദാന്തശാസ്ത്രത്തിൽ അശ്രദ്ധയുണ്ടാവാനുള്ള മുഖ്യകാരണം, അതിൽപറയപ്പെട്ട മോക്ഷമാൎഗ്ഗവും വിഷയസുഖപ്രാപ്തിക്കുള്ള മാൎഗ്ഗവും തമ്മിൽ വിരുദ്ധങ്ങളാണെന്നുള്ള ധാരണയാകുന്നു. യഥാൎത്ഥത്തിൽ ഈ രണ്ടുമാൎഗ്ഗവും വിചാരിച്ചവരുപോലെ അത്രവിരുദ്ധങ്ങളല്ല. വിഷയസുഖാനുഭവത്തിന്നായി എത്ര പദാൎത്ഥങ്ങളെ ലഭിച്ചാലും, സുഖാനുഭവം മനസ്സ്കൊണ്ടാകയാൽ മനോവികാരങ്ങളുടെ ഗുണദോഷം നല്ലവണ്ണം അറിഞ്ഞ് വേണ്ടപോലെ നിഗ്രഹിച്ച, ശുദ്ധിചെയ്യാത്തപക്ഷം പദാൎത്ഥലാഭം മാത്രം സുഖത്തെ തരുന്നതല്ല. അത്യാഗ്രഹം, അസൂയാമുതലായ ദുൎവ്വികാരങ്ങൾ മനസ്സിൽ ഉണ്ടായിരുന്നാൽ, എത്ര അധികം ദ്രവ്യലാഭം ഉണ്ടായാലും മനസ്സിൽ സുഖം തോന്നുന്നതല്ല. അതുപോലെ കാമക്രോധാദികളിൽ നിന്നുള്ളമോക്ഷദ്വാരാ, ബ്രഹ്മാനന്ദപ്രാപ്തിക്കും മനോവികാരങ്ങളെ പരിശോധനചെയ്ത് മനഃശ്ശുദ്ധിവരുത്തേണ്ടത മുഖ്യാവശ്യമാണ. ഇതുപോലെ പദാൎത്ഥങ്ങളുടെ തത്വങ്ങളെ അറിയേണ്ടതും മുഖ്യാവശ്യമാണ. ലോകത്തിൽ അനുഭവജ്ഞാനം കഴിയുന്നിടത്തോളം ലഭിച്ച് ആ അനുഭവങ്ങളിൽനിന്ന സുഖമായിരിപ്പാനുള്ള മാൎഗ്ഗത്തെനിൎണ്ണയിച്ച, അതുപ്രകാരമുള്ള നടവടികൊണ്ട തന്റെ സ്വഭാവത്തെ നിൎദ്ദോഷം ആക്കുന്നത രണ്ടിന്നും മുഖ്യാവശ്യമാണ. ഭഗവാൻ അനുഭവജ്ഞാനം ലഭിപ്പാനാണ നമുക്ക ജീവശരീരവും ഇന്ദ്രിയങ്ങളെയും തന്നിട്ടുള്ളത. ആ അനുഭവങ്ങളെ പരിശോധിച്ച, അതിൽനിന്ന സുഖാനുഭവമാൎഗ്ഗത്തെ അറിവാനാണ മനസ്സും ബുദ്ധിയും തന്നിട്ടുള്ളത. വിഷയസുഖാനുഭവം ബ്രഹ്മാ

നന്ദത്തിന്റെ ഒരംശമാകകൊണ്ട്, വിഷയസുഖപ്രാപ്തിക്കുള്ള മാൎഗ്ഗം അറിഞ്ഞാൽ അത് ബ്രഹ്മാനന്ദം ലഭിപ്പാനും കാരണമാകുമെന്ന് നിശ്ചയിച്ച വിദ്യാരണ്യസ്വാമികൾ വിഷയാനന്ദപ്രകരണത്തെ എഴുതുന്നു.

1 അഥാത്രവിഷയാനന്ദോ ബ്രഹ്മാനന്ദാംശരൂപഭാക്
നിരൂപ്യതേദ്വാരഭൂതസ്തദംശത്വംശ്രുതിൎജ്ജഗൌ.

അൎത്ഥം. ഇപ്പോൾ ഈ പ്രകരണത്തിൽ ബ്രഹ്മാനന്ദത്തിന്റെ ഒരംശമായും ക്രമേണ ബ്രഹ്മാനന്ദപ്രാപ്തിക്കു കാരണവുമായ (അറിവിനെ തരുന്നതുമായ) വിഷയസുഖാനുഭവമാൎഗ്ഗത്തെ കാണിക്കുന്ന സംഗതികൾ വൎണ്ണിക്കപ്പെടുന്നു. വേദത്തിൽ തന്നെ വിഷയസുഖം ബ്രഹ്മാനന്ദത്തിന്റെ അംശമാകുന്നെന്നു പറയപ്പെട്ടിട്ടുണ്ട.

വേദത്തിൽ പറഞ്ഞ ഒരു അഭിപ്രായത്തെ താഴെ ശ്ലോകത്തിൽ വിവരിക്കുന്നു.

2. ഏഷോസ്യപരമാനന്ദോ യോഖണ്ഡൈകരസാത്മകഃ
അന്യാനിഭൂതാന്യേതസ്യ മാത്രാമേവോപഭുഞ്ജതേ.

അൎത്ഥം. ബ്രഹ്മാനന്ദം എന്നുപറയുന്നത എന്നെന്നേക്കും ഇടവിടാതെയും, ദുഃഖബാധയില്ലാതെയും, ഇതരപദാൎത്ഥങ്ങളെ ആശ്രയിക്കാതെയും, സൎവ്വോൽകൃഷ്ടമായും ഇരിക്കുന്നതാകുന്നു. സൎവ്വേശ്വരൻ സദാ ഈ ആനന്ദത്തെ അനുഭവിക്കുന്നു. വിഷയസുഖം താൽകാലികമായും ഇതരപദാൎത്ഥങ്ങളെ ആശ്രയിച്ചും ഇരിക്കുന്നതിനാൽ ആ പദാൎത്ഥങ്ങളുടെ അനിത്യത്വംപോലെ അനിത്യമായിരിക്കുന്നതുമാകുന്നു. എന്നാലും അത ബ്രഹ്മാനന്ദത്തിന്റെ ഏകാംശമാകുന്നു. ആ അംശത്തെ മാത്രമെ ഇതരപ്രാണികൾ അനുഭവിക്കുന്നുള്ളു,

എന്നാൽ വിഷയസുഖത്തിന്ന ഉപയോഗമായ പദാൎത്ഥം സൂക്ഷ്മമാകുംതോറും അതിന്റെ കാലം ദീൎഘിക്കുകയും സുഖം അധികമാവുകയും ചെയ്യുന്നതാകുന്നു. പഞ്ചേന്ദ്രിയഗോചരങ്ങളായ പായസാദിഭക്ഷ്യങ്ങൾ നല്ല ഗീതസുഗന്ധപദാൎത്ഥങ്ങൾ മുതലായവകളിൽനിന്ന ഉണ്ടാവുന്ന സുഖത്തെക്കാൾ സൂക്ഷ്മങ്ങളായിരിക്കുന്ന സയുക്തിവാദങ്ങളിൽനിന്ന ബുദ്ധിയുള്ളവൎക്ക അധികസുഖം ഉണ്ടാവുന്നത കാണാറുണ്ട. അതുപോലെതന്നെ ഏതെങ്കിലും വിഷയത്തിൽ മനസ്സ വളരെ ശ്രദ്ധയോടുകൂടി പ്രവൎത്തിച്ച അതിൽതന്നെ അധികനേരം നിന്നാൽ, അപ്പോൾ വളരെ സുഖാനുഭവം ഉണ്ടാവുന്നതായും അറിവാൻ പ്രയാസമില്ല. മനസ്സ ഒന്നിൽതന്നെ ശ്രദ്ധയോടെ പ്രവൎത്തിക്കുമ്പോൾ അതിനെ ചിത്തൈകാഗ്ര്യം എന്നപറയും. യഥാൎത്ഥത്തിൽ മനസ്സ ആ വിഷയത്തിൽതന്നെ നില്പാൻ കാരണം അതിൽ സുഖം തോന്നുന്നതുകൊണ്ടാകുന്നു. നല്ലരസമുള്ള പുസ്തകം വളരെ ശ്രദ്ധയോടുകൂടി വായിക്കുമ്പോൾ അതിലുള്ള രസംകൊണ്ട മനസ്സ് അതിൽതന്നെ നിന്നു എന്നുവരാം. ആ സുഖം അധികകാലം ഉള്ളതായും ഭക്ഷ്യാദികളിൽ നിന്നുണ്ടാവുന്നതിനെക്കാൾ പ്രൌഢമായും ഇരിക്കുന്നതാകുന്നെന്നറിവാൻ പ്രയാസമില്ല. ഇതുപോലെ ഏതു വിഷയത്തിലും ചിത്തൈകാഗ്ര്യംകൊണ്ട സുഖാനുഭവവും സുഖാധിക്യംകൊണ്ട ചിത്തൈകാഗ്ര്യവും വൎദ്ധിക്കുന്നത സാധാരണയാകുന്നു. ഈ സംഗതികൾകൊണ്ടു സുഖാശ്രയമായ പദാൎത്ഥം സൂക്ഷ്മമാകുംതോറും സുഖാധിക്യവും, സുഖത്തിന്റെ കാലം ദീൎഘിക്കുന്നതും സമ്പ്രദായമാകുന്നെന്ന വ്യക്തപ്പെടുന്നു. അതുകൊണ്ട, സുഖാശ്രയപദാൎത്ഥത്തെ സൂക്ഷ്മമാക്കികൊണ്ടുവന്നാൽ ക്രമേണ സുഖാനുഭവകാലം വൎദ്ധിച്ച ആശ്രയപദാൎത്ഥം അതിസൂക്ഷ്മമാകുമ്പോൾ സുഖാനുഭവം നിത്യവുമായി തീരുന്നു. അതിനാലാണ "അണോരണീയാൻ" എന്ന പറയപ്പെടുന്ന വസ്തുവിങ്കൽതന്നെ

മനസ്സിനില്ലാത്തപ്പോൾ നിത്യാനന്ദം ലഭിക്കുമെന്നു പറയുന്നത. ഈ ആനന്ദത്തെതന്നെയാകുന്നു നിത്യനിരതിശയമായ ബ്രഹ്മാനന്ദം എന്നു പറയുന്നത. ഈ ആനന്ദം ദുഃഖകലൎപ്പില്ലാതെ എന്നന്നേക്കും ഇരിക്കുന്നതും ഇതിന്നു തുല്യമായിപറവാൻ വേറെ ഒരുവിധസുഖവും ഇല്ലാത്തതുമാകുന്നു.

മേൽപ്രകാരം വിഷയസുഖത്തിന്റെ സ്വഭാവംകൊണ്ടും കാലാവധികൊണ്ടും ബ്രഹ്മാനന്ദത്തിന്റെ അംശമാണെന്നു സ്ഥാപിച്ച ഈ രണ്ടു ആനന്ദത്തിന്നും കാരണം മനഃശുദ്ധിയാണെന്നും അതിന്നുള്ള മാൎഗ്ഗങ്ങളെയും താഴെ വിവരിക്കുന്നു.

വിഷയസുഖാനുഭവം മനസ്സുകൊണ്ടു ആകയാൽ നാം സുഖകാരണങ്ങളായ എല്ലാ പദാൎത്ഥങ്ങളെയും സാധനങ്ങളെയും ലഭിച്ചാലും മനോവികാരങ്ങൾക്കനുസരിച്ച സുഖാനുഭവവും ഭേദപ്പെടുന്നതാകുന്നു. ഒരാൾ എത്രവലിയ പ്രഭുവായിരുന്നാലും എത്ര ഉയൎന്ന പദവിയെ പ്രാപിച്ചാലും മനസ്സിൽ തൃപ്തിയില്ലാതെയൊ വേറെവല്ല പ്രകാരത്തിലും മനസ്സിന്നു സമാധാനമില്ലാതെയൊ വന്നാൽ ആയാൾ സുഖിയായിരിക്കുന്നതല്ല. അതുകൊണ്ടു സുഖമായി ജീവകാലം കഴിച്ചുകൂട്ടേണമെങ്കിൽ മനസ്സിലുള്ള ആലോചനകളേയും വാസനകളെയും നല്ലവണ്ണം പരിശോധിച്ചറിയേണ്ടതും അതിനെ ശോധനചെയ്തു നന്നാക്കേണ്ടതും മുഖ്യാവശ്യമാണ. ഇതരഇന്ദ്രിയങ്ങളുടെ പ്രവൃത്തി പുറത്താകകൊണ്ടു അവകളെ ബാഹ്യകരണങ്ങൾ എന്നും മനസ്സു ഉള്ളിൽ പ്രവൃത്തിക്കുന്നതുകൊണ്ടു അതിനെ അന്തഃകരണം എന്നുംപറയും. അതുകൊണ്ടു മനസ്സിന്റെ ശോധനയെ അന്തഃകരണശുദ്ധിയെന്നു പറയും. വേദാന്തവാക്യാൎത്ഥങ്ങളെഗ്രഹിച്ച ബ്രഹ്മാനന്ദപ്രാപ്തിക്കും അന്തഃകരണശുദ്ധി മുഖ്യാവശ്യമാണെന്നു പറഞ്ഞുവല്ലൊ. അതുകൊണ്ടു വേദാന്തശാസ്ത്രാഭ്യാസത്തിന്നായാലും അന്തഃകര

ചിത്തശുദ്ധി ആവശ്യമായതിനാൽ വിദ്യാരണ്യസ്വാമികൾ മനസ്സിൽ ഉണ്ടാവുന്ന വികാരഭേദങ്ങളെ വിവരിക്കുന്നു.

3. ശാന്താഘോരാസ്തഥാമൂഢാഃ മനസോവൃത്തയസ്ത്രിധാ,
വൈരാഗ്യംക്ഷാന്തിരൗദാര്യം ഇത്യാദ്യാഃശാന്തവൃത്തയഃ,
തൃഷ്ണാസ്നേഹോരാഗലോഭാവിത്യാദ്യാഃഘോരവൃത്തയഃ
സംമോഹോഭയമിത്യാദ്യാഃ, കഥിതാമൂഢവൃത്തയഃ

മനസഃ = മനസ്സിന്റെ; വൃത്തയഃ = വികാരങ്ങൾ = ആലോചനകൾ, ഭാവനകൾ മുതലായവ; ത്രിധാ—മൂന്നുവിധം ശാന്താഃ = ശാന്തങ്ങൾ; ഘോരാഃ = ഘോരങ്ങൾ; തഥാ—അപ്രകാരം; മൂഢാഃ മൂഢങ്ങൾ എന്നിവതന്നെ.

ഇതിൽ ശാന്തവൃത്തികളുടെ ഉദാഹരണങ്ങളെ വിവരിക്കുന്നു. വൈരാഗ്യം = ബ്രഹ്മാദിസ്ഥാവരപര്യന്തമുള്ള പദാർത്ഥങ്ങളുടെ ബാഹ്യസ്വരൂപങ്ങളിൽ സ്നേഹമില്ലായ്മ. അനന്തരമായി അവകളിലുള്ള തത്വങ്ങൾ ആത്മസ്വത്തിയായതുകൊണ്ടു അവകളിൽ സ്നേഹം വേണ്ട എന്നുവെപ്പാൻ ആർക്കും സാധിക്കുന്നതല്ല. ആത്മാവിന്റെ സ്വത്തി എന്നു പറയുന്നതിന്റെ അർത്ഥം അവനവനെപ്പോലെ ഇതരപദാർത്ഥങ്ങളെ ഭാവിക്കലാണ്. യഥാർത്ഥത്തിൽ അവനവനും ഇതരപദാർത്ഥങ്ങൾക്കും തമ്മിൽ തോന്നുന്ന വ്യത്യാസം മനസ്സിൽ ഒരു കല്പിതമാണ്. ഒരു മനുഷ്യനും വേറെ ഒരുവനും തമ്മിൽ ദേഹത്തിലും ശക്തിയിലും ആലോചനകളിലും വ്യത്യാസം കാണുന്നുണ്ടു. എന്നാൽ ശരിയായി അവർ മനസ്സിലാക്കിയസംഗതികളിൽ അവരുടെ ജ്ഞാനം ഒന്നുതന്നെയാണ്. ഇതിനെല്ലാം ഉടമസ്ഥനാണെന്നു ഭാവിക്കുന്ന "ഞാൻ" എന്ന രണ്ടാളുടെ അനുഭവത്തെയും പരിശോധിച്ചാൽ അതിൽ യാതൊരു വ്യത്യാസവും കാണില്ല. ബാക്കിയെല്ലാം തൽക്കാലം മാത്രം മാറിമാറി തോന്നുന്നതായതുകൊണ്ടു സ്വപ്നദശപോലെ കല്പി

തമായി വിചാരിക്കേണ്ടതാണ്. യഥാൎത്ഥമായിരിക്കുന്ന ആന്തരാത്മജ്ഞാനം—കേവലം 'ഞാൻ' എന്നതു അനുഭവത്തോടുകൂടി എല്ലാവൎക്കും ഒന്നായതുകൊണ്ടു അതിലുള്ള സ്നേഹം സ്വാഭാവികമാണ. അതിനാലാണ വൈരാഗ്യം എന്നതിന ബാഹ്യങ്ങളായ നാമരൂപങ്ങളിൽ മാത്രം സ്നേഹം ഇല്ലായ്ക എന്ന പറഞ്ഞതു. നാമരൂപം എന്നപറയുന്നതിൽ ആത്മാവ ഒഴിച്ചു ബാക്കിയെല്ലാം അടങ്ങുകയും ചെയ്യാം. കേവലം അന്നമയമായ ലോഹാദിസ്ഥാവരങ്ങളും, അന്നമയപ്രാണമയമായ വൃക്ഷസസ്യാദികളും, അന്നമയപ്രാണമയമനോമയമായ മൃഗപക്ഷ്യാദികളും പഞ്ചകോശാത്മകന്മാരായ മനുഷ്യരും മനോമയവിജ്ഞാനാനന്ദമയന്മാരായ ദേവന്മാരും വിജ്ഞാനാനന്ദമയാത്മകന്മാരായ ത്രിമൂൎത്തികളും കേവലാഹംസ്വരൂപിയായ സൎവ്വേശ്വരനും യഥാൎത്ഥത്തിൽ ആത്മസ്വരൂപികളും ആത്മവ്യതിരിക്തമായി തോന്നപ്പെടുന്ന കോശങ്ങളും അവകളുടെ വികാരങ്ങളുമായ ആവരണങ്ങളും നാമരൂപഭേദം കൊണ്ടുമാത്രം വേറെ തിരിച്ചുപറയപ്പെടുന്നതും നാമരൂപങ്ങൾ അനിത്യവും താൽക്കാലികവും മനഃകല്പിതവും ആകയാൽ അവകൾ എല്ലാം കല്പിതാവരണങ്ങളും തത്വം കേവലം ചൈതന്യവുമാണ. അതിൽമാത്രം സ്നേഹംവെച്ചു ബാക്കിയെ, ദുഃഖമെന്നും നശ്വരമെന്നും മനസ്സിലാക്കി അവ വേണമെന്ന ആഗ്രഹിക്കാതെയിരിക്കുന്നതതന്നെയാണ വൈരാഗ്യം എന്നപറയുന്നതു.

ക്ഷാന്തി:= അന്യരുടെ അടുക്കൽനിന്ന നമുക്ക എന്ത ഉപദ്രവം ഉണ്ടായാലും അത നമ്മുടെ കൎമ്മഫലമാണെന്നും അവർ ഈശ്വരരൂപിയായി തൽക്കാലം നമ്മുടെ കൎമ്മഫലദാതാവായിഭവിച്ചു എന്ന മാത്രമെയുള്ളു എന്നും മനസ്സിലാക്കി ഓൎമ്മവെച്ചു ക്ഷമിക്കുന്നതതന്നെയാണ ക്ഷാന്തി എന്ന പറയുന്നത.

ഔദാൎയ്യം=ഉദാരഭാവം ഇതരന്മാരിൽ തന്നെപ്പോലെയുള്ളസ്നേഹം (Nobility). "ഈശ്വരഃ സൎവ്വഭൂതാനാം ഹൃദ്ദേശേൎജ്ജുനതിഷ്ഠതി" എന്ന പറഞ്ഞ ഗീതാവാക്യപ്രകാരം എല്ലാവരെയും ഈശ്വരതുല്യന്മാരായി ഭാവിച്ച അവനവനെപ്പോലെ സ്നേഹിക്കുന്നതുതന്നെയാണ ഔദാൎയ്യം.

ഇത്യാദ്യാഃ=ഇതുപോലെയുള്ളവ ശാന്തവൃത്തയഃ=ശാന്തവൃത്തികൾ മനസ്സിൽ സമാധാനത്തൊടുകൂടിയ വികാരങ്ങൾ,

തൃഷ്ണാ=അന്യന്മാരുടെ സൌകൎയ്യമൊന്നും ആലൊചിക്കാതെ തനിക്കമാത്രം വേണമെന്നുള്ള വിചാരത്തിൽ പദാൎത്ഥങ്ങളെ ആഗ്രഹിക്കുന്നത.

സ്നേഹഃ=തനിക്ക അനുകൂലമായിരിക്കുന്ന പദാൎത്ഥങ്ങളുടെയും പ്രാണികളുടെയും ആളുകളുടെയും മാത്രം പേരിലുള്ള ആസക്തി.

രാഗഃ=വേദാൎത്ഥങ്ങളുടെ സൂക്ഷ്മതത്വത്തെ മനസ്സിലാക്കാതെ അവകളുടെ ബാഹ്യസ്ഥിതിമാത്രം കണ്ട ഭ്രമിച്ച ആഗ്രഹിക്കൽ.

ലോഭഃ=അന്യന്റെ പദാൎത്ഥങ്ങളെ ആഗ്രഹിക്കുന്നത.
ഇത്യാദ്യാഃ=ഇതുപോലെയുള്ളവ.

ഘോരവൃത്തയഃ=തനിക്കും അന്യന്മാൎക്കും ദുഃഖത്തെ ഉണ്ടാക്കുന്നതായും മനസ്സിന്ന സമാധാനമില്ലാതെ ആക്കുന്നതുമായ മനോവികാരങ്ങൾ.

സംമോഹഃ=ഒന്നും അറിയാതെ ഇരിക്കുന്ന അജ്ഞാനം.

ഭയം=ഏതുകാൎയ്യം പ്രവൃത്തിക്കുന്നതിലും ധൈൎയ്യമില്ലായ്മയും ഭാവികാൎയ്യങ്ങളെ അറിയാത്തതിനാലുള്ള മനസ്സിൽ ഉദ്വേഗവും.

ഇത്യാദ്യാഃ കഥിതാമൂഢവൃത്തയഃ = ഇതുപോലെയുള്ളവ മനസ്സിലെ മൂഢവികാരങ്ങൾ എന്നു പറയപ്പെടുന്നു.

മേൽ വിവരിച്ച രണ്ടു ശ്ലോകങ്ങളിൽ മനസ്സിൽ തോന്നുന്ന ആലോചനകളെയും ഭാവനകളെയും മൂന്നായി വിഭാഗം ചെയ്ത അതിന്നു ചില ഉദാഹരണങ്ങളെമാത്രം പറഞ്ഞു. എന്നാൽ അതുപോലെ അനേകം ഉദാഹരണങ്ങളെ എടുത്തു ആലോചിച്ചാൽമാത്രമെ ആ ശ്ലോകങ്ങളിൽ നിന്നു അറിയേണ്ടവയായി ഉദ്ദേശിച്ച അഭിപ്രായം മുഴുവനും മനസ്സിലാകയുള്ളു. ഇതിൽ മൂഢവൃത്തികളായി പറഞ്ഞവയെ താമസങ്ങളായും ഘോരവൃത്തികളെ രാജസങ്ങളായും ശാന്തവൃത്തികളെ സാത്വികങ്ങളായും വേദാന്തശാസ്ത്രഗ്രന്ഥങ്ങളിൽ പറയും. ഇതിൽ സാത്വികവികാരങ്ങളും താമസവികാരങ്ങളും ചിലപ്പോൾ പുറത്ത ഒരുപോലെ തോന്നാവുന്നതുകൊണ്ടു അവകളെ മാറിധരിപ്പാൻ ഇടവരാം. അതുപോലെ രാജസവികാരങ്ങളുടെ ദോഷങ്ങൾ താമസങ്ങളുടെ ദോഷങ്ങളെക്കാൾ എളുപ്പത്തിൽ പുറത്തറിവാൻ സാധിക്കാവുന്നതുകൊണ്ടു താമസവികാരങ്ങളെക്കാൾ അധികം നല്ലതൊ എന്നു സംശയിപ്പാനും ഇടവരാം. യഥാർത്ഥത്തിൽ അന്തർഭൂതങ്ങളായ ദോഷങ്ങൾ രാജസത്തിൽ പുറത്തു ആവിർഭവിച്ച സാത്വികങ്ങളായിമാറുമ്പോൾ അവകൾ നിഗ്രഹിക്കപ്പെട്ടു നിശ്ശേഷം നശിച്ചു എല്ലാവികാരങ്ങളും പരിശുദ്ധങ്ങളായിഭവിക്കയുമാണു ചെയ്യുന്നത. അതുകൊണ്ടു ഈ വികാരഭേദങ്ങളെ നാം നല്ലവണ്ണം ശ്രദ്ധവെച്ച മനസ്സിലാക്കേണ്ടതാണു. അവകളെ സൂക്ഷിച്ചു പരിശോധിച്ചാൽ ക്രമേണ താമസവികാരങ്ങൾ രാജസങ്ങളായും രാജസങ്ങൾ സാത്വികങ്ങളായും മാറുന്നതാണെന്നു കാണപ്പെടും. താഴെ വിവരിക്കുന്ന ഉദാഹരണങ്ങൾകൊണ്ടും മററും ഇതു വ്യക്തപ്പെടുകയും ചെയ്യും.

ചിലപ്പോൾ സുഷുപ്തിയെ ബ്രഹ്മാനന്ദത്തിന്ന ഉപമിച്ചുകാണുന്നത കൊണ്ട, വെറുതെ ഇരിക്കുന്നത ബ്രഹ്മപ്രാപ്തിക്കു കാരണമായ നിവൃത്തിമാൎഗ്ഗമാണെന്ന ചിലർ ധരിപ്പാൻ ഇടവരുന്നു. എന്നാൽ സുഷുപ്തിയിൽ ഇന്ദ്രിയങ്ങളും മനോവികാരങ്ങളും ശക്തിയില്ലാതെയും, ജഡങ്ങൾപോലെയും ബുദ്ധിയില്ലാതെയുമാണ ഇരിക്കുന്നത. ശാന്തങ്ങൾ എന്നപറഞ്ഞാൽ തന്നെ, മുമ്പ കലശലായി പ്രവൃത്തിച്ചിരുന്നു എന്നും ഇപ്പോൾ ശമിച്ചിരിക്കുന്നു എന്നും കാണാവുന്നതാണല്ലൊ. ആ വികാരാവസ്ഥ നിഗ്രഹിക്കപ്പെടുന്നതിന്നമുമ്പ 'ജാഗ്രദവസ്ഥ' എന്ന പറയപ്പെടുന്നു-അതുകൊണ്ട ബാഹ്യത്തിൽ സുഷുപ്തിയും സമാധിയും ഒരുപോലെ തോന്നപ്പെട്ടാലും ആന്തരമായി അവതമ്മിൽ വ്യത്യാസം വളരെ ഉണ്ടെന്നും സുഷുപ്തിക്കും ജാഗ്രദാവസ്ഥക്കും ഉള്ളതിനെക്കാൾ, സുഷുപ്തിക്കും സമാധിക്കുമാണ അധികം വ്യത്യാസം എന്ന ധരിക്കേണ്ടതാണ. മനോവികാരങ്ങളുടെ ഉടമസ്ഥനായ 'ഞാൻ' എന്ന ഭാവനയെ ഒരു രാജാവായും മനോവികാരങ്ങളെ പട്ടാളക്കാരായും ആലോചിക്കുന്നപക്ഷം സുഷുപ്തികാലത്തിൽ ആ 'ഞാൻ' അശക്തന്മാരായും ഭീരുക്കളായും മടിയന്മാരായും യജമാനശാസനയെ ലേശംപോലും ബഹുമാനിക്കാത്തവരായുമുള്ള പട്ടാളക്കാരോടുകൂടിയ, ഒരു പൌരുഷമില്ലാത്ത രാജാവിനെപോലെയിരിക്കുന്നു, എന്നു പറയാം. മന്ദബുദ്ധിയായ താമസനും, അവന്റെ മൂഢവികാരങ്ങളോടുള്ള സംബന്ധം ഇതുപോലെതന്നെയാണെന്നു പറയാം. എന്നാൽ ഘോരവികാരങ്ങളോടുകൂടിയ ഒരു രാജസനെ, കുറെശക്തിയുള്ളവരാണെങ്കിലും, ഓരോ ഉപാധികൾകൊണ്ടും, അഭിമാനംകൊണ്ടും യജമാനശാസനയെ കൂട്ടാക്കാതെ കലശൽ കൂട്ടികൊണ്ടിരിക്കുന്ന പടാളക്കാരോട കൂടിയ ഒരു രാജാവിന്നതുല്യമായി പറയാം. ശാന്തവൃത്തികളോടുകൂടിയ ഒരു സാത്വികൻ, വളരെശക്തി, ആരോഗ്യദൃഢഗാത്രത്വം, സൌഖ്യം, ഉത്സാഹം,

യജമാനഭക്തി, വാത്സല്യം, മുതലായവയോടുകൂടിയവരും, എല്ലാം വേണ്ടുംപോലെയിരിക്കകൊണ്ടു സ്വാസ്ഥമായിരിപ്പാൻ യജമാനൻ ആജ്ഞാപിച്ചതിന്നനുസരിച്ചു വെറുതെ ഇരിക്കുന്നവരും ആയ പട്ടാളക്കാരോടും, മഹാപൌരുഷത്തോടുംകൂടിയ ഒരു രാജാവിനെപോലെയാണ്. സുഷുപ്തികാലത്തും, മന്ദബുദ്ധിയായിരിക്കുമ്പോഴും മനോവികാരങ്ങൾക്കു ശക്തിയില്ലാത്തതിനാൽ അവസ്ഥിക്കുന്നില്ല. ജാഗ്രദവസ്ഥയിലും ലൌകികജ്ഞാനം വൎദ്ധിക്കുമ്പോളും, അവ ക്രമേണ സ്ഥിക്കുന്നു എങ്കിലും കാമക്രോധാദിബാധകളാൽ വേണ്ടുംപോലെ സുഖകാരികളായി ഭവിക്കുന്നില്ല. സമാധിയിലും ജ്ഞാനയോഗത്തിലും മനോവികാരങ്ങൾ കാമക്രോധാദികളുടെ ബാധാമാത്രംകൂടാതെ പൂൎത്തിയായ നിഗ്രഹത്താൽ ശാന്തങ്ങളായി സുഖാനുഭവത്തെ തരുന്നവയായി ഭവിക്കുന്നു. ഓരോ മനോവികാരങ്ങളുടെ സാത്വികരാജസതാമസഭേദങ്ങളെ ആലോചിച്ചാൽ, സാത്വികസ്ഥിതിയിലാണ സുഖംഎന്നു വ്യക്തപ്പെടുന്നതാണു. മടിയനും, കാൎയ്യങ്ങളെവിട്ടു ഉറങ്ങുന്നവനും, അജ്ഞാനികളും ഒരിക്കലും സുഖമില്ല. കാമക്രോധാദികളോടുകൂടി പ്രവൃത്തിക്കുന്ന രാജസന്നു സുഖവും ദുഃഖവും കലൎന്നിരിക്കും. വൈരാഗ്യം, ക്ഷാന്തി, ഔദാൎയ്യം, മുതലായ ശാന്തവൃത്തികളോടുകൂടി പ്രവൃത്തിക്കുന്നവന്നുണ്ടാകുന്ന സുഖം ക്രമേണ വൎദ്ധിച്ചുവന്നു, അവന്നു ബ്രഹ്മാനന്ദം ശീഘ്രത്തിൽ അനുഭവിപ്പാനിടവരും. അതുകൊണ്ടു, താമസത്താൽ, മന്ദബുദ്ധിയായും എപ്പോഴും ഉറങ്ങിക്കൊണ്ടും ഇരിക്കുന്ന അജ്ഞാനിയെ പ്രവൃത്തിപ്പിപ്പാൻ കാമക്രോധാദികൾ ആവശ്യമാണെങ്കിലും, ധൎമ്മാനുഷ്ഠാനത്തിലും ജ്ഞാനാഭിവൃദ്ധിയിലും, ശ്രദ്ധയുണ്ടായി, അതിന്നു യത്നിക്കാൻ തുടങ്ങിയാൽ കാമക്രോധാദികളെ ഉടനെ നിഗ്രഹിച്ചു ശാന്തപ്രകൃതിയെ പ്രാപിക്കേണ്ടതാണെന്നു വരുന്നു. ഒരു ഉയരമുള്ള പുരകെട്ടുമ്പോൾ, മേൽ ഉത്തരംവെപ്പാനും മറ്റും തൽക്കാലം വെച്ചുകെ

ട്ടുന്ന മരങ്ങളെപോലെയാണ ഒരു മോക്ഷകാംക്ഷിക്കു ഈ കാമക്രോധാദികളും ഈ തരങ്ങൾ എല്ലാം ആവശ്യമാണെങ്കിലും ചൂഴ്ക്കെട്ടിയാൽപിന്നെ അവയെ വെളിച്ചുകളയെണ്ടതാണെല്ലോ. അതുപോലെ മൂഢവൃത്തി ശാന്തവൃത്തിയാവാൻ, കാമക്രോധാദികളെകൊണ്ടു, വേറെ വിധത്തിലോ, വികാരങ്ങൾക്ക ബലംവദ്ധിച്ചു ഉടനെ അതുകളെ നിഗ്രഹിച്ചു വികാരങ്ങളെ ധമ്മമാഗ്ഗങ്ങളിൽതന്നെ നിലനിത്തി, ആത്മാഗ്ഗപ്രവാഹം സ്വാഭാവികമാക്കേണ്ടതാണ. സാധാരണയായി താമസവികാരങ്ങൾ രാജസങ്ങളായി മാറി പിന്നെ സാത്വികങ്ങളായിത്തീരുന്നു. അവകളുടെ ക്രമം അറിവാൻ താഴെവിവരിക്കുന്ന പട്ടിക ഉപയോഗമായിരിക്കും.

| | താമസം | രാജസം | സാത്വികം |
|---|---|---|---|
| 1 | സുഷുപ്തി. | സ്വപ്നം; ജാഗ്രൽ. | സമാധി. |
| 2. | ആലസ്യം. | കാമ്യകമ്മം. | ധമ്മം. |
| 3. | പ്രമാദം. | ലൌകികജ്ഞാനം. | ബ്രഹ്മജ്ഞാനം. |
| 4. | മൂഢഭക്തി. | കാമ്യഭക്തി. | ജ്ഞാനഭക്തി. |
| 5. | ബാഹ്യാഭ്യന്തര അശുചി. | ബാഹ്യശുചി മാത്രം | ബാഹ്യാഭ്യന്തര ശുചി. |
| 6. | സവ്വത്രഔദാസിന്യം | ബന്ധുമിത്രാദിസ്വജന സ്നേഹം. | സവ്വത്രസമസ്നേഹം. |
| 7. | ഭയം. | സാഹസം. | ധൈയ്യം. |
| 8, | സമ്മോഹം. | വിവേകം. | ബ്രഹ്മജ്ഞാനം. |
| 9. | സ്വപക്ഷഭാവം; മമതാഭാവം. | മമത. | ഐശ്വൎയ്യം; നിശ്ചയബുദ്ധി. |
| 10. | കൃപണത. | ആത്മബന്ധുമിത്രാത്ഥം മാത്രാവ്യയശീലം. | ധമ്മം. |

ഇതുപോലെ അനേകം ഉദാഹരണങ്ങൾ അവനവൻ തന്നെ ആലോചിച്ചാൽ ഉണ്ടാകുന്നതാണ. ശാസ്ത്രപ്രകാരം ആ

ശോധിച്ചു നോക്കിയാൽ, ചില താമസന്മാർ രാജസന്മാരെ പരിഹസിക്കുന്നതിൽ എത്ര വിഡ്ഢിത്വമുണ്ടെന്നു വ്യക്തമപ്പെട്ടു. ഒന്നും അറിയാത്തവൻ, അറിവുള്ളവനെ, അനുഷ്ഠാനം പോരാ എന്നു പരിഹസിക്കുന്നതു കാണാം. പുറത്തു പറവാൻ സാമൎത്ഥ്യമില്ലാത്തവൻ, ധൈൎയ്യമുള്ളവൎക്ക യഥാൎത്ഥത്തെ പറഞ്ഞ മനസ്സിലാക്കുന്നവരെ, "ഇതുപോലെ നടക്കാതെ ഇവൻ പറഞ്ഞിട്ടു എന്തുകാൎയ്യം" എന്ന പരിഹസിക്കുന്നതും കാണാം. എന്നാൽ അനുഷ്ഠാനമുള്ളവൻ ഇവരെ ഒരിക്കലും പരിഹസിക്കയില്ല. എന്തുകൊണ്ടെന്നാൽ അവൻ അതിന്നു മുമ്പെ ആലോചനക്കാരൻമാത്രമായും, വാചാലൻമാത്രമായും ഇരുന്നിട്ടുണ്ടാകാം. അനുഷ്ഠാനവുംകൂടി വാഗ്മിത്വത്തോടൊപ്പം ഉണ്ടായിരുന്നാൽനന്ന് എന്നതിനെ ആരും ആക്ഷേപിക്കുന്നതല്ല. വിവേകി, തന്റെ വാസനയാലോ മറേറാ ശരിയായ അനുഷ്ഠാനത്തിന്ന എവിടെയെങ്കിലും വിരോധം കണ്ടാൽ അതിനെ ചൂണ്ടികാണിച്ചു ധൎമ്മതത്വത്തെ അപ്പൊഴും പുറത്ത പറയാതിരുന്നു എന്നുവരാം. എന്നാൽ പറഞ്ഞ എങ്കിൽ അത വിഡ്ഢിത്വമാണെന്നു രീച്ചപ്പെടുത്തുന്നത ശരിയല്ല. എന്തുകൊണ്ടെന്നാൽ അതുപോലെ, ദുൎവ്വാസനാദോഷമില്ലാത്തവൎക്ക അങ്ങിനെയുള്ള ഉപദേശം ഉടനെ ഉപയോഗമായി ഭവിക്കാം. അതുകൊണ്ട മേൽപറഞ്ഞമാതിരി പരിഹാസത്തിന്നും മററാ കാരണം അസൂയാ, മാത്സൎയ്യം, മുതലായ ദോഷങ്ങളാണെന്നാകുന്നു മനസ്സിലാക്കേണ്ടത്. സാധാരണ എല്ലാമനുഷ്യരിലും ഈ മൂന്നുമാതിരി വികാരങ്ങളും കാണും. എന്നാൽ ഇതിൽ ഏതവികാരം അധികമൊ ആ വികാരക്കാരനാണെന്ന അവനെ പറഞ്ഞുവരുന്നു. നാം താമസവികാരങ്ങളെ ക്രമേണ മാററി, രാജസമാക്കുമ്പോൾ അതിന്ന പ്രവൃത്തിമാൎഗ്ഗമെന്നും അതിൽ ദോഷാംശങ്ങളെ മാത്രം നശിപ്പിച്ചു രാജസങ്ങളെ സാത്വികങ്ങളാക്കുമ്പോൾ അതിന്ന നിവൃത്തിമാൎഗ്ഗമെന്നും പറയുന്നു. എന്നാൽ എല്ലാ താമസ

വികാരങ്ങളും ഏകകാലത്തിൽ രാജസങ്ങളായും അവകളെ
ല്ലാം ഒരുമിച്ച സാത്വികങ്ങളായും വരുന്നതല്ല ഏതെതെ താമ
സവികാരങ്ങൾ രാജസങ്ങളാകുന്നുവൊ, അവകളെല്ലാം സം
ബന്ധിച്ചിടത്തോളം പ്രവൃത്തിമാൎഗ്ഗത്തിലും, ഏതെതെ രാജസ
വികാരങ്ങൾ സാത്വികങ്ങളാകുന്നുവൊ അവകളെസ്സംബ
ന്ധിച്ചമാത്രം നിവൃത്തിമാൎഗ്ഗത്തിലും ആണ നാം വൎത്തിക്കുന്നു
ത. അതുകൊണ്ട നാം സദാ പ്രവൃത്തി നിവൃത്തിമാൎഗ്ഗങ്ങളിൽ
ഇരിക്കുന്നവരാണെന്ന ഓൎമ്മവെക്കെണ്ടതാണ. നമുക്ക എല്ലാ
വിധ അനുഭവജ്ഞാനവും, അനുമാനൊപമാനങ്ങളാൽ അവ
കളുടെ പരിഷ്കാരവും ഉണ്ടായി, നിഗ്രഹംമാത്രമായി കലാശി
ക്കുമ്പോൾ കേവലം നിവൃത്തിമാൎഗ്ഗം എന്നുപറയാം. അതു
പോലെ, പ്രവൃത്തിമാൎഗ്ഗം മാത്രമായി മൃഗാദിപ്രാണികൾക്കും
അതിമന്ദബുദ്ധികൾക്കും മാത്രമെ ഉണ്ടാകയുള്ളു. ഈ സംഗതി
കളെനല്ലവണ്ണം മനസ്സിലാക്കാത്തതിനാലാണ അനേകം ആ
ളുകൾ താമസസ്ഥിതിയെ സാത്വികമാണെന്ന തെററിദ്ധരിച്ച
സുഖസ്വരൂപവും അതിന്നുള്ള മാൎഗ്ഗവും അറിയാതെ നിത്യ
ദുഃഖമനുഭവിക്കുന്നത്. നാം സുഷുപ്തിയിൽ ലയിച്ചിരിക്കുന്ന മ
നോവികാരങ്ങളെ ജാഗ്രദവസ്ഥയിൽ സ്മൃതിയായികാണു
കയും, അവയുടെ സ്വഭാവം കഴിയുന്നെടത്തോളം മനസ്സിലാ
ക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. പക്ഷെ തിരികെ ജാഗ്രദവ
സ്ഥലയിക്കുമ്പോൾ മുൻസ്ഥിതിയിൽതന്നെ ഇരിക്കുന്നു.
നമ്മുടെ വാസനാജാലങ്ങളുടെ സ്വരൂപം അറിവാൻ
സ്വപ്നങ്ങളെ പരിശോധിക്കുന്നതും മുഖ്യാവശ്യമാണ. എന്തു
കൊണ്ടെന്നാൽ, ആ കാലത്ത വാസനകൾ നമ്മുടെ വിവെ
കത്താലുള്ള നിഗ്രഹം ഇല്ലാതെതന്നെ പ്രവൃത്തിക്കുന്നതാണ.
ഇതുപോലെ ബ്രഹ്മപ്രളയത്തിൽ ലയിച്ചിരിക്കുന്ന ലോകപ്രാ
ണിജാലങ്ങളുടെ വാസനകളും മനോവികാരങ്ങളും ബ്രഹ്മകല്പ
ത്തിൽ പുറത്ത് സ്ഫുരിച്ച് ആ കാലത്ത് നമുക്ക അവയുടെ
സ്വരൂപത്തെ അറിവാൻ തരംവരുത്തി പിന്നെയും പ്രളയ

ത്തിൽതന്നെ ലയിക്കുകയും ആണ ചെയ്യുന്നത. അതുകൊണ്ട നമ്മുടെ ജീവദശയിൽ ഓരോപകൽ ബ്രഹ്മകല്പത്തിൽ നമുക്കുണ്ടാവുന്ന ഓരോജീവകാലത്തിന്നും, ഓരോരാത്രി ഉറങ്ങുന്നസമയത്തെ നാം മരിച്ചപിന്നെ ജനിക്കുന്നതവരെയുള്ള സമയത്തിന്നും പിന്നെത്തെ ദിവസത്തെ അതുപൊലെ പിന്നത്തെ ജന്മത്തിലുള്ള ജീവകാലത്തിന്നും, പിന്നത്തെ രാത്രി അതുപോലെ മരിച്ചപിന്നെയുള്ള സമയത്തിന്നും നമ്മുടെ സ്വപ്നാവസ്ഥയെ, മരിച്ചതിൽപിന്നെ അനുഭവിക്കുന്ന സ്വൎഗ്ഗനരകലോകാനുഭവങ്ങൾക്കും ഉപമിക്കാം. അതുകൊണ്ട നാം ഈ ജന്മത്തിൽ ദിവസംതോറും അനുഭവം, ഊഹം, ഉപമാ, ആപ്തവാക്യം മുതലായതുകൊണ്ട ക്രമേണ എങ്ങിനെ ജ്ഞാനത്തെ ദിവസംതോറും വൎദ്ധിപ്പിക്കുന്നുവൊ, അതുപൊലെ ഓരൊജന്മങ്ങളിൽ മെല്പടിമാൎഗ്ഗങ്ങളാൽ മുമ്പുമുമ്പുള്ള ജന്മങ്ങളിൽ ഉണ്ടായിരുന്നതിനെക്കാൾ ജ്ഞാനംവൎദ്ധിപ്പിച്ച ഒടുവിൽ സൎവ്വജ്ഞനായി ഈശ്വരസായൂജ്യത്തെ പ്രാപിക്കുകയുംചെയ്യും.

മുമ്പുള്ളജന്മങ്ങളിൽ നാം പഠിപ്പുകൊണ്ട നേടിയിരിക്കുന്ന അറിവുതന്നെയാണ പിന്നത്തെ ജന്മങ്ങളിൽ വാസനയായി പരിണമിക്കുന്നത. ഇതുപോലെതന്നെ നാം പ്രത്യക്ഷമായി കാണുന്നപണം, വസ്തു, മുതലായ സ്വത്തുക്കളെ താമസസ്വത്തായും, ജനസ്വാധീനം, യശസ്സ, യുക്തി, പഠിപ്പ മുതലായവയെ രാജസസ്വത്തായും, വിവേകം, ജ്ഞാനം, ഭക്തി ധൎമ്മാനുഷ്ഠാനം, ആനന്ദ മുതലായ്തുകളെ സാത്വികസ്വത്തായും ഗണിക്കാം. ഇപ്രകാരമുള്ള സ്വത്തിന്റെ അവസ്ഥപോലെ പ്രഭുത്വം കല്പിക്കുന്നതായാൽ, അന്നമയപ്രഭു, പ്രാണമയപ്രഭു, മനോമയപ്രഭു, വിജ്ഞാനമയപ്രഭു, ആനന്ദമയപ്രഭു എന്നിങ്ങിനെ അഞ്ചുവിധമായി പ്രഭുത്വത്തെ വിഭാഗിക്കേണ്ടിവരും. അന്നമയംമുതൽ ആനന്ദമയംവരെയുള്ള മേൽപറഞ്ഞ സ്ഥാനങ്ങൾ ക്രമത്തിൽ ഉപൎയ്യുപരി ആകയാൽ മു

ന്നു മുമ്പുള്ളവയിൽനിന്നു അടുത്ത മീതെയുള്ള സ്ഥിതിയിലെത്തുന്നതിന്നു പ്രയാസമേറിയതും പിന്നീടുള്ള ഘട്ടങ്ങളെ അപേക്ഷിച്ചു മുമ്പുള്ളവ നിസ്സാരങ്ങളും ആകുന്നു. ഇതിൽ അന്നമയപ്രഭുവിനെ മൂഢകോടിയിലും, പ്രാണമയം മുതൽ വിജ്ഞാനമയംവരെയുള്ള പ്രഭുക്കളെ ഘോരമായ രാജസകോടിയിലും, ആനന്ദമയപ്രഭുവിനെ ശാന്തമായ സാത്വികകോടിയിലും, ഗണിക്കാവുന്നതാണ. ഇതുമാതിരി എല്ലാററിലും സാത്വിക രാജസ താമസഭേദങ്ങളെ ഗ്രഹിക്കേണ്ടതാണ,

മേൽപ്രകാരം മനോവികാരങ്ങളെ ശോധനചെയ്തുകൊണ്ടിരുന്നാൽ നമ്മുടെ ആലോചനകളും ഭാവനകളും ക്രമേണ വളരെ പരിശുദ്ധമായി ഭവിച്ച മനസ്സു ശാന്തമായും ശുദ്ധമായും പരിണമിക്കയും, സ്വഭാവം (character) ഉൽകൃഷ്ടമായിത്തീരുകയും ചെയ്യും ഇതുതന്നെ പിന്നീട് സുഖാനുഭവത്തിൽ പര്യവസാനിക്കയുംചെയ്യും. എന്നാൽ ശാന്തസ്ഥിതിയിൽ മാത്രം സുഖത്തിന്നു കാരണവും, ഘോരമൂഢസ്ഥിതികളിൽ ദുഃഖത്തിന്നു കാരണവും വെളിപ്പെടുത്തുവാൻവേണ്ടി, ഉദാഹരണരൂപേണ അവയെ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു.

വൃത്തിഷ്വേതാസുസർവ്വാസു ബ്രഹ്മണഃ ചിൽസ്വഭാവതാ
പ്രതിബിംബതി ശാന്താസു സുഖം ച പ്രതിബിംബതി.

ഏതാസു=ഈ; സർവ്വാസു=എല്ലാ; വൃത്തിഷു=വൃത്തികളിലും (ശാന്തഘോര മൂഢവൃത്തികളിലും) ബ്രഹ്മണഃ=ബ്രഹ്മത്തിന്റെ (പരമാത്മാവിന്റെ) ചിൽസ്വഭാവതാ=ചിൽസ്വഭാവതാ=ചിൽസ്വരൂപം-ജ്ഞാനാംശമാത്രം; പ്രതിബിംബതി=പ്രതിഫലിക്കുന്നു; ശാന്താസു=ശാന്തങ്ങളിൽ സുഖംച സുഖവും ആനന്ദവും പ്രതിബിംബതി=പ്രതിഫലിക്കുന്നു.

മേപ്പടി എല്ലാവിധമനോവികാരങ്ങളിലും പരമാത്മാ

വിന്റെ ജ്ഞാനസ്വരൂപം പ്രതിഫലിക്കുന്നു. എന്നാൽ ആനന്ദാംശം ശാന്തമായ മനസ്സിൽമാത്രമെ സ്ഫുരിക്കുന്നുള്ളു.

പരമാത്മാ കേവലം ആനന്ദമാണെന്നും, സച്ചിദാനന്ദനാണെന്നും പറയുന്നതിന്റെ താല്പൎയ്യം എന്തെന്നാൽ ആനന്ദാനുഭവം പൂൎത്തിയാകുമ്പോഴും, ആത്മാവ തന്റെ സ്ഥിതിയെയും, അറിവിനെയും വേറെ വേറെ ഭാവിക്കുകയില്ല എന്നുമാത്രമെയുള്ളു.

ഒരു കഥയെ നാം വളരെ ശ്രദ്ധവെച്ച വായിക്കുമ്പോഴും അതിന്റെ രസത്തിൽ ലയിച്ചാൽ കഥ എന്നും, നാം വായിക്കുന്നു എന്നും പ്രത്യേകിച്ച ഓൎമ്മയില്ലാതെ കഥാരസത്തിൽമാത്രം മനസ്സ നില്ക്കുന്നതായി ആലോചിച്ചറിവാൻ പ്രയാസമില്ലല്ലൊ. അതുപോലെ സൎവ്വജ്ഞനും, സൎവ്വശക്തനും സൎവ്വവ്യാപകനുമാകുമ്പോഴും അതിന്റെ പരിണാമം കേവലം ആനന്ദമയമായിത്തന്നെ ഇരിക്കും. അതുകൊണ്ട ആനന്ദത്തിൽ 'ചിത്തും' 'സത്തും' ഇല്ലെന്നൎത്ഥമില്ല. യഥാൎത്ഥത്തിൽ ഇവ രണ്ടുമില്ലാതെ ആനന്ദമുണ്ടാവാൻ തരമില്ല. നമ്മുടെ അറിവുകൂടാതെ നാം സുഖമായിരുന്നു എന്നുപറയുന്നത അസംബന്ധമാണെല്ലൊ. അതുകൊണ്ട നമ്മുടെ ഓരോരുത്തരുടെ സ്വഭാവം എന്ന പറയുമ്പോലെ പരമാത്മസ്വഭാവം 'സത്' 'ചിത്' 'ആനന്ദം' എന്നിവയുടെ സ്ഫൂൎത്തിയാകുന്നു. നാം നമ്മുടെ സ്വഭാവത്തെ അനന്തകല്യാണഗുണങ്ങളോടുകൂടിയ ഭഗവാന്റെ സ്വഭാവത്തെപോലെ ആക്കുവാൻ നിത്യം മാററി മാററിക്കൊണ്ടാണ വരുന്നത. നമ്മുടെ സ്വഭാവം അതുപോലെയായാൽ അപ്പോഴും നാം സായൂജ്യം പ്രാപിച്ച എന്നു പറയുന്നു. ആ സ്ഥിതി നിത്യവും സൎവ്വജ്ഞത്വവും ആകുകകൊണ്ട അത 'സത്' 'ചിത്' ഇവയിൽ ലയിക്കുന്നു എന്നു പറയാം. ആ കാലത്തുണ്ടാകുന്ന ആനന്ദംതന്നെയാണ നിത്യനിരതിശയമായ പരമാത്മസ്വരൂപം. മേൽപ്രകാരം പറ

രാത്മാവിനുള്ള 'സത്' 'ചിത്', 'ആനന്ദം' എന്നുള്ള സ്വഭാവങ്ങളിൽ 'മൃത്' 'ശിലാദികളിൽ' 'സത്'സ്വഭാവംമാത്രമെ സ്ഫുരിക്കുന്നുള്ളൂ. മൃഗപക്ഷ്യാദികളും മുതലായവയിൽനിന്ന ക്രമേണ 'ചിത്' സ്ഫൂർത്തി തുടങ്ങുന്നു. ആ കാലത്ത 'മനസ്സ്' ആരംഭിച്ചു എന്ന പറയാം. എന്നാൽ അപ്പോഴും മൂഢാവസ്ഥയാണ. പിന്നെക്രമേണ കാമക്രോധാദികളുടെ സഹായത്താലൊ, മറ്റൊ വികാരങ്ങളും വർദ്ധിച്ചു അനേക മനോരാജ്യങ്ങളും, അഹംകാരം, മാത്സര്യം, ക്രോധം, ലോഭം മുതലായവകളും ഇടയുണ്ടായിത്തീരുന്നു. ഈ രണ്ടുസ്ഥിതിയിലും സത്തും, ചിത്തും മാത്രമെ സ്ഫുരിക്കുന്നുള്ളൂ. സുഖസ്വരൂപവുമില്ല അതു ലഭിപ്പാനുള്ള മാർഗ്ഗവും അറിയില്ല. പിന്നെ ദേഹശക്തി, ബുദ്ധിശക്തി, ജ്ഞാനശക്തി മുതലായവകളാൽ കാമക്രോധാദികളുടെ ദോഷബാധയെ മാത്രം നീക്കി അവകളെ എല്ലാം പരോപകാരത്തിന്നായി ഉപയോഗിപ്പാനഭ്യസിച്ച്, മനസ്സ ശാന്തമാകുമ്പോഴും പരമാത്മാവിന്റെ ആനന്ദാംശവും സ്ഫുരിക്കുന്നു. മനസ്സ ശാന്തമായിരിക്കുമ്പോഴും നമ്മുടെ പ്രവൃത്തികളെ ധർമ്മാനുഷ്ഠാനം എന്ന പേർപറയുന്നു. ഇങ്ങിനെ നിഷ്കാമമായി ധർമ്മാനുഷ്ഠാനംചെയ്യുമ്പോഴും സദാ ആനന്ദസ്ഫൂർത്തിയുണ്ടാവുന്നതാണ.

ഈ അഭിപ്രായങ്ങളെത്തന്നെ വേദവാക്യത്തിന്നനുസരിച്ചു ഇങ്ങിനെ വിവരിച്ചിരിക്കുന്നു.

6. രൂപംരൂപംബഭൂവാസൗ പ്രതിരൂപമിതിശ്രുതിഃ
ഉപമാസൂര്യകെത്യാദി സൂത്രയാമാസസൂത്രകൃൽ.

രൂപം രൂപം = പ്രത്യേകം പ്രത്യേകം രൂപമായി, ബഭൂവ = ഭവിച്ചു അസൗ = ഈ പരമാത്മാ; പ്രതിരൂപഃ = ഉപാധിക്കനുസരിച്ചു. ഏതെതിൽകൂടി പുറത്ത സ്ഫുരിക്കുന്നുവൊ അതാതുപോലെ എന്നു അർത്ഥം.

ഇതി = ഇപ്രകാരം; ശ്രുതിഃ = വേദം; ഉപമാ = ഉദാഹരണം; സൂൎയ്യകാ = സൂൎയ്യപ്രകാശം; ഇത്യാദി = ഇതുമുതലായി; സൂത്രയാമാസ = സൂത്രത്തിൽ എഴുതിയിട്ടുണ്ടു സൂത്രകൃൽ = വേദാന്തസൂത്രങ്ങളെ എഴുതിയ വേദവ്യാസഭഗവാൻ.

ഈശ്വരൻ ഏതെതിൽ സ്ഥിതിക്കുന്നുവൊ അതാത ഉപാധിക്കനുസരിച്ചു രൂപങ്ങളായി ആവിൎഭവിച്ചു. വെദാന്തസൂത്രങ്ങളെ എഴുതിയിരിക്കുന്ന ശ്രീ വേദവ്യാസൻ സൂൎയ്യപ്രകാശം ഇതിന്നു ഉപമയായി പറഞ്ഞിരിക്കുന്നു. ആത്മാവ ഒന്നാണെന്നും, അതല്ലാതെ വേറെയാതൊന്നും ഇല്ലെന്നും പറയുന്നപക്ഷം ലോകത്തിൽ നാം അനേകവിധരൂപങ്ങളെ കാണുന്നത എങ്ങിനെയെന്ന സംശയം വരുമല്ലൊ. ഈ ശ്ലോകത്തിൽ അതിന്നു സമാധാനമാണ പറഞ്ഞിരിക്കുന്നത. സൂൎയ്യപ്രകാശം ഒന്നാണെങ്കിലും ഏതെതദ്വാരത്തിൽക്കൂടി പ്രകാശിക്കുന്നുവൊ, ഏതേത നിറത്തിലുള്ള കണ്ണാടിയിൽക്കൂടി പ്രകാശിക്കുന്നുവൊ അതുപോലെയുള്ള പ്രകൃതിയെ എടുക്കുന്നുവല്ലൊ. അതുപോലെ ആത്മാവ കേവലം മൃൽശിലാലോഹാദിവസ്തുക്കളിൽ സത്താവസ്ഥ=മാത്രമായിസ്ഥിതിക്കുന്നു. വൃക്ഷസസ്യാദികളിൽ സത്തിന്റെ ഒരു പ്രകാരഭേദം മാത്രമായി പരിണമിക്കുന്നു. ആ അവസ്ഥയെ പ്രാണൻ എന്നു പറയുന്നു. മൃഗാദികളിലും, മനുഷ്യരിലും 'സൽ' 'ചിൽ' എന്ന രണ്ടുവിധ സ്ഥിതിയെ പ്രാപിക്കുന്നു. നല്ല ബുദ്ധിയുള്ള മനുഷ്യർ, ഋഷികൾ, ദേവന്മാർ മുതലായവരിൽ ആനന്ദാവസ്ഥകൂടി സ്ഥിതിക്കുന്നു. ഇങ്ങിനെ ക്രമേണ അതാത ഉപാധികളുടെ അവസ്ഥപോലെ സ്ഥിതി എല്ലാവൎക്കും അനുഭവമാണല്ലൊ. ഏതെതിൽക്കൂടി സ്ഥിതിക്കുന്നുവൊ അതിനെയാണ ഉപാധി എന്നു പറയുന്നത. നാം ആലോചിച്ചുനോക്കിയാൽ ഇവകളിലെല്ലാം സൽ, ചിൽ, ആനന്ദം, ഈ മൂന്നുവിധ ആത്മാവസ്ഥകളും അല്ലാതെ ബാക്കിയുള്ളതൊക്കെ തൽക്കാലം തോന്നുന്ന

വമാത്രമാണെന്നും, അവ എപ്പോഴും മാറിമാറിക്കൊണ്ടിരിക്കുന്നവയാണെന്നും, സ്വപ്നത്തിൽ കാണുന്ന പദാർത്ഥങ്ങളെപ്പോലെ അനിത്യങ്ങളാണെന്നും വ്യക്തപ്പെട്ടു. അതുകൊണ്ട അവ തൽക്കാല ഉപാധികളാണെന്നും, അവയുടെ അവസ്ഥപോലെ ആത്മാവിനു രൂപഭേദമുള്ളതായി തോന്നുന്നതാണെന്നും വാസ്തവത്തിൽ, സദാ ഒരുപോലെയിരിക്കുന്ന സൂര്യപ്രകാശം വിവിധനിറങ്ങളിലുള്ളകണ്ണാടികളിൽക്കൂടി പ്രകാശിക്കുമ്പോൾ വ്യത്യസ്തവർണ്ണങ്ങളോടുകൂടി കാണുന്നതുപോലെ, ഉപാധിഭേദംകൊണ്ടുണ്ടാകുന്ന ഒരു തോന്നൽ മാത്രമാണ നാം അറിയുന്നതെന്നും തെളിയുന്നു.

ഈ അഭിപ്രായത്തെത്തന്നെ താഴെ പറയുന്ന ശ്ലോകംകൊണ്ടും വ്യക്തപ്പെടുത്തുന്നു

ഏകഏവഹിഭൂതാത്മാ ഭൂതേഭൂതേവ്യവസ്ഥിതഃ
ഏകധാബഹുധാചൈവ ദൃശ്യതേജലചന്ദ്രവൽ.

ഏകഃ=ഒരുത്തൻ; ഏവ=മാത്രംതന്നെ; ഹി=നിശ്ചയമായും; ഭൂതാത്മാ=എല്ലാ സ്ഥാവരജംഗമങ്ങളിലും അന്തരചൈതന്യം. ഭൂതേഭൂതേ=ഓരോവസ്തുക്കളിലും; പ്രാണികളിലും; വ്യവസ്ഥിതഃ=സ്ഥിതിചെയ്യുന്നു=വ്യാപിച്ചിരിക്കുന്നു. ഏകധാ= ഒന്നായിട്ടും; ബഹുധാ=പലവിധമായിട്ടും; ചൈവ=(രണ്ടുവിധത്തിലും) ദൃശ്യതേ=കാണപ്പെടുന്നു; ജലചന്ദ്രവൽ=പ്രകാശിക്കുന്ന ചന്ദ്രൻപോലെ.

ശാന്തമായ മനസ്സിൽ ആത്മാവ പൂർണ്ണമായി സ്ഫുരിക്കുന്നു എന്നു പറഞ്ഞുവല്ലോ. മൂഢമായും, അല്പവികാസത മാത്രം പ്രാപിച്ചതുമായ മനസ്സിൽ പ്രതിബിംബിക്കുമ്പോൾ അത പൂർണ്ണമായും അന്യൂനമായും വരികയില്ല. നല്ല നിലാവിൽ അനേകപാത്രങ്ങളിൽ അനേകവിധനിറത്തിലുള്ള വെള്ളം നിറച്ചുവെച്ചാൽ ചന്ദ്രബിംബം ഓരോന്നിൽ ഓരോവിധ

ത്തിൽ പ്രതിഫലിച്ചു കാണുന്നതുപോലെ ഓരോരുത്തരുടെ ബുദ്ധിവികാസത്തിനും സൽഗുണങ്ങൾക്കും അനുസരിച്ചു അവനവനിൽ ആത്മാവു പ്രകാശിക്കുന്നു. ഇന്ദ്രിയങ്ങളെ ബഹിഃകരണങ്ങൾ എന്നുപറയുന്നതുപോലെ അകത്തു പ്രവൃത്തിക്കുന്ന മനസ്സിനെ അന്തഃകരണം എന്നുപറയാം. അതുകൊണ്ടു ആത്മസ്ഫൂർത്തി അന്തഃകരണശുദ്ധിക്കനുസരിച്ചിരിക്കുമെന്നതു തീർച്ചതന്നെ.

ഒരേ ആത്മാവു പലവിധമായി സ്ഫുരിച്ചുകാണുന്നതു എന്തുകൊണ്ടെന്നു ഉദാഹരണപൂർവ്വം വെളിപ്പെടുത്തുന്നു.

8. ജലേപ്രവിഷ്ടശ്ചന്ദ്രോയം അസ്പഷ്ടഃകലുഷേജലേ
വിസ്പഷ്ടോനിർമ്മലേതദ്വൽ ദ്വേധാബ്രഹ്മാപിവൃത്തിഷു.

ജലേ=വെള്ളത്തിൽ, പ്രവിഷ്ടഃ= പ്രതിഫലിച്ച, ചന്ദ്രഃ=ചന്ദ്രൻ അയം=ഇതു, അസ്പഷ്ടഃ=വ്യക്തിയില്ലാതെ, കലുഷേ=കലങ്ങിയ, ജലേ=ജലത്തിൽ, വിസ്പഷ്ടഃ=വളരെ സ്പഷ്ടമായി, നിർമ്മലേ= ശുദ്ധമായ, തദ്വൽ= അതുപോലെ, ദ്വേധാ=രണ്ടുവിധം, ബ്രഹ്മാപി=ബ്രഹ്മാവും, വൃത്തിഷു= വൃത്തികളിൽ=മനോവികാരങ്ങളിൽ. ചന്ദ്രൻ ജലത്തിൽ പ്രതിഫലിക്കുമ്പോൾ കലങ്ങിയവെള്ളമായിരുന്നാൽ പ്രതിബിംബം വ്യക്തമല്ലാതെയും, തെളിഞ്ഞവെള്ളത്തിൽ ശുദ്ധമായ പ്രതിബിംബമായും എങ്ങിനെ പ്രതിഫലിക്കുന്നുവോ അതുപോലെ മനോവികാരങ്ങളുടെ അവസ്ഥപോലെ ബ്രഹ്മസ്ഫൂർത്തിയും ഭേദപ്പെടുന്നു. നല്ലവിവേകവും ബുദ്ധിസാമർത്ഥ്യവും, ഗുണങ്ങളുമുള്ളവൻെറ മനസ്സിൽ പൂർണ്ണാനന്ദമായും, അല്പബുദ്ധിയും, അവിവേകിയുമായവൻെറ മനസ്സിൽ സുഖദുഃഖജ്ഞാനസമ്മിശ്രമായും, കേവലം മന്ദബുദ്ധിയുടെ മനസ്സിൽ അല്പസുഖസ്വരൂപമായും ആത്മാവു പ്രതിഫലിക്കുന്നു. അതിന്നു കാരണം താഴെ പറയുന്നു.

9. ഘോരമൂഢാസു മാലിന്യാൽ സുഖാംശശ്ച തിരോഹിതഃ
ഈഷന്നൈർമ്മല്യതസ്തത്ര ചിദംശപ്രതിബിംബനം.

ഘോരമൂഢാസു=ഘോരമൂഢവൃത്തികളിൽ=ഒന്നും അറിയാത്തതൊ, കാമക്രോധാദികളോടുകൂടിയൊ ഉള്ള സമയത്തിൽ, മാലിന്യാൽ= മനസ്സിന്ന നല്ല ശുദ്ധിപോരാത്തതുകൊണ്ട, സുഖാംശശ്ച=ബ്രഹ്മത്തിന്റെ ആനന്ദാംശം, തിരോഹിതഃ=മറയപ്പെടുന്നു, ഈഷന്നൈർമ്മല്യതഃ=എന്നാൽ കുറച്ച ശുദ്ധിയുണ്ടാവുന്നതുകൊണ്ട, തത്ര=അവിടെ, ചിദംശപ്രതിബിംബനം=ബ്രഹ്മത്തിന്റെ ചിദംശം പ്രതിഫലിക്കുന്നു.

ഒന്നും അറിയാതെ ഉറങ്ങിക്കൊണ്ടിരിക്കുന്ന മടിയനും, കാമക്രോധാദികളോട കൂടിയവനും സുഖം ഇല്ല. പക്ഷെ അവൎക്ക കേവലസ്ഥാവരങ്ങളെപ്പോലെ ജ്ഞാനാംശംതന്നെ ഇല്ലെന്നു പറവാൻ പാടില്ല.

ചന്ദ്രപ്രതിബിംബങ്ങളെ ഉദാഹരണമായി പറഞ്ഞപ്പോൾ അനേകപാത്രജലങ്ങളിൽ പ്രതിഫലിച്ചപോലെ ആത്മാവിന്ന പ്രതിഫലിപ്പാൻ അനേകം അന്തഃകരണങ്ങൾ ഇല്ലല്ലൊ എന്ന പറഞ്ഞാലൊ എന്നവിചാരിച്ച വേറെ ഒരു ഉദാഹരണം പറയുന്നു.

10. യഥാപി നിർമ്മലെ നീരെ വഹ്നെരൌഷ്ണ്യസ്യ സംഭവഃ
നപ്രകാശസ്യ തദ്വത്സ്യാൽ ചിന്മാത്രോൽഭൂതിരേവച.

യഥാപി=ഉണ്ടായിരുന്നാലും, നിൎമ്മലെ = ശുദ്ധമായ, നീരെ=ജലത്തിൽ, വഹ്നെഃ=അഗ്നിയുടെ, ഔഷ്ണ്യസ്യ=ചൂടിന്റെ, സംഭവഃ=ഉല്പത്തി, ന= ഇല്ല, തദ്വൽ=അതുപോലെ, സ്യാൽ=ഭവിക്കുന്നു ചിന്മാത്രോൽഭൂതിഃ=ചിൽപ്രകാശം മാത്രം, ഏവച=അതുപോലെതന്നെ. ശുദ്ധമായജലത്തിൽ അഗ്നിയുടെ ചൂട സ്ഫുരിച്ചാലും പ്രകാശം സ്ഫുരിക്കാതെ നാം കാണുന്നുവല്ലൊ, വെള്ളം കാച്ചുമ്പോൾ അതു ചൂടപി

ടിക്കുന്നുവെങ്കിലും വെള്ളത്തിൽ പ്രകാശം ഉണ്ടാകയില്ലല്ലോ. അഗ്നിക്കു പ്രകാശം ചൂട എന്ന രണ്ടുഗുണങ്ങൾ ഉള്ളതിൽ ഒന്നുമാത്രം ഇവിടെ സ്ഫുരിച്ചുകാണുന്നു. അതുപോലെ അന്തഃകരണത്തിലും ചിലപ്പോൾ ചിൽസ്ഫൂർത്തിമാത്രം ഉണ്ടാകാം.

11. കാഷ്ഠേ ത്വൌഷ്ണ്യപ്രകാശൌ ദ്വാ
വുത്ഭവം ഗച്ഛതോ യഥാ
ശാന്താസു സുഖചൈതന്യേ
തഥൈവോൽഭൂതിമാപ്നുതഃ.

കാഷ്ഠേ=കാഷ്ഠത്തിൽ-വിറകിൽ, തു=എന്നാൽ ഔഷ്ണ്യപ്രകാശൌ-ഉഷ്ണവും പ്രകാശവും, ദ്വൌ=രണ്ടും, ഉത്ഭവം ഉത്ഭവത്തെ, ഗച്ഛതഃ= പ്രാപിക്കുന്നു, യഥാ=ഏതുപോലെയോ, ശാന്താസു=ശാന്തവൃത്തികളിൽ, സുഖചൈതന്യേ=സുഖവും അറിവും, തഥാ ഏവ=അതുപോലെതന്നെ, ഉൽഭൂതിം=ഉത്ഭവത്തെ, ആപ്നുതഃ=പ്രാപിക്കുന്നു.

എന്നാൽ വിറകു കത്തിക്കുമ്പോൾ അതിൽ അഗ്നിയുടെ ചൂടും, വെളിച്ചവും പ്രകാശിക്കുന്നുവല്ലോ. അതുപോലെ മനസ്സിൽ പഠിപ്പും, അറിവും, ആലോചനയും, യുക്തിയും വർദ്ധിച്ച കാമക്രോധാദികളുടെ ബാധയില്ലാതായി ശാന്തമായിരിക്കുമ്പോൾ അതിൽ ബ്രഹ്മത്തിന്റെ ചിദംശവും ആനന്ദാംശവും സ്ഫുരിക്കുന്നു.

നമ്മുടെ ജീവകാലം ദുഃഖബാധ ലേശമില്ലാതെ കഴിക്കുന്നതിൽ രണ്ടു തടസ്ഥങ്ങളാണ് നേരിടുന്നത. നമ്മുടെ ആലോചനകളും, പ്രവൃത്തികളും എങ്ങിനെയായാലാണ സൌഖ്യപ്രദമാവുക എന്നറിയാത്തതിനാലും, അതുപ്രകാരം നടക്കാത്തതിനാലുംതന്നെ ഈ രണ്ടു തടസ്ഥങ്ങൾക്കും സംസ്കൃതത്തിൽ 'അസംഭാവനാ' എന്നും, 'വിപരീതഭാവനാ' എന്നും പറയും. ഈ രണ്ടു ദോഷങ്ങളുടെ നിവൃത്തിയുണ്ടായാൽ

ദുഃഖംകലൎപ്പില്ലാതെ നമ്മുടെ ജീവകാലം സുഖമായികഴിയും.
അതപ്രകാരം അഭ്യസിച്ച സ്വഭാവംതന്നെ അങ്ങിനെയാ
കുമ്പോൾ ബ്രഹ്മസായൂജ്യം ലഭിക്കയും ചെയ്യും. ദേപ്പാദി
ദോഷനിവൃത്തിയുണ്ടാകുമ്പോൾ മനസ്സു ശാന്തമായി എന്നു
പറയാം. ഇങ്ങിനെ പറഞ്ഞതുകൊണ്ടു മുമ്പ മനസ്സിൽ കല
ശൽ ഉണ്ടായിരുന്നു എന്നൎത്ഥംവരുന്നു. 'അസംഭാവനാ'
അല്ലെങ്കിൽ അറിവില്ലായ്മ എന്ന ദോഷം കുറെശ്ശക്കുറെശ്ശയാ
യി നീങ്ങുമ്പോൾ വിപരീതഭാവനകൾ അല്പാല്പമായുണ്ടാ
യി പിന്നെയും ദുഃഖമുണ്ടാവുന്നു. ഈ ദോഷംകൂടി നീങ്ങു
മ്പോൾ മാത്രമെ വിപരീതഭാവനകൾകൊണ്ടു മനസ്സിലു
ണ്ടാവുന്ന കലശൽ ശമിച്ച മനസ്സു ശാന്തമായി എന്നു പറവാ
ൻ പാടുള്ളു. ഒരു മടിയന്നു ആദ്യം ഉത്സാഹമായിരിക്കുന്നതി
ലുള്ള സുഖം ഇത്രയെന്നറിയില്ല. പിന്നെ ആ സുഖം കുറച്ചു
മനസ്സിലായിതുടങ്ങുമ്പോൾ അവൻ ഉത്സാഹിയായിതീരുന്നു.
പക്ഷെ അവൻ തന്റെ ഉത്സാഹംകൊണ്ടു ഇതരന്മാരെ ഉപ
ദ്രവിക്കുന്നതിനാലും, അവൎക്കു തന്നെകൊണ്ടു കഴിയുന്ന ഉപ
കാരങ്ങൾ ചെയ്യാത്തതിനാലുംഉള്ള ദോഷങ്ങളെ അറിയാ
ത്തതിനാൽ ഉത്സാഹംകൊണ്ടു തല്ക്കാലംദുഃഖത്തെ വൎദ്ധിപ്പി
ക്കുകയാണ ചെയ്യുക. പിന്നെ ഉത്സാഹത്തിന്റെ മാതിരി
തെററി എന്നു മനസ്സിലായി താൻ ചെയ്യുന്നതെല്ലാം ഇതര
പ്രാണികൾക്കു സുഖപ്രദമായും നിരുപദ്രവമായും ഭവിക്കുന്ന
തിലാണ തനിക്കുംകൂടി സുഖം വൎദ്ധിക്കുന്നത എന്നറിഞ്ഞു
മനസ്സിലെ ദുൎവ്വികാരങ്ങളെ നിഗ്രഹിച്ചു അവയ്ക്കു പകരം
ശാന്തവികാരങ്ങൾ ഉളവാക്കുന്നു. അപ്പോൾ ജ്ഞാനം ഉണ്ടാ
യി ആനന്ദത്തെ അനുഭവിക്കുകയും ചെയ്യുന്നു.

**12.** വസ്തുസ്വഭാവമാശ്രിത്യ
വ്യവസ്ഥാത്തുഃഖയോഃസമാ
അനുഭൂത്യനുസാരേണ
കല്പ്യതേഹിനിയാമകം

വസ്തുസ്വഭാവം=വസ്തുവിന്റെ രീതിയെ, ആശ്രിത്യ=ആശ്രയിച്ച്, വ്യവസ്ഥാ=ഫലം, തു=എന്നാലൊ, ഉഭയോഃ=രണ്ടിലും, സമാ=സമമാകുന്നു, അനുഭൂത്യനുസാരേണ=അനുഭവിക്കുന്നരീതിക്കനുസരിച്ച്, കല്പ്യതേ=കല്പിക്കപ്പെടുന്നു, നിയാമകം=നിർണ്ണയപ്പെടുത്തുന്നത. മനസ്സിന്റെ വൃത്തികൾ മൂഢങ്ങളായാലും; ഘോരങ്ങളായാലും, ശാന്തങ്ങളായാലും ബ്രഹ്മം ഒരു വസ്തുമാത്രമെ അവകളിൽ സ്ഫുരിക്കുന്നുള്ളു. എന്നാൽ മൂഢവൃത്തികളിലും, ഘോരവൃത്തികളിലും മനസ്സിലുള്ള ദോഷംഹേതുവാൽ ആനന്ദം സ്ഫുരിക്കുന്നില്ല; ശാന്തവൃത്തികളിൽ ദോഷങ്ങൾ നശിച്ചതുകൊണ്ടു ആനന്ദം സ്ഫുരിക്കുന്നു. അതുകൊണ്ടു അവനവന്റെ മനസ്സിലുള്ള വിവരമില്ലായ്മ, ദുരാഗ്രഹം, അസൂയാ, ദ്വേഷ്യം, മാത്സര്യം, അഹംകാരം മുതലായ ദോഷങ്ങൾതന്നെയാണ അവനവനെ ബുദ്ധിമുട്ടിച്ച ദുഃഖിപ്പിക്കുന്നത. ആ ദോഷങ്ങൾ നീങ്ങാതെ ആരും സുഖമായിരിക്കുന്നതുമല്ല. സുഖം പൂൎത്തിയാവുന്നതുവരെ മനസ്സിൽ സമാധാനവുമുണ്ടാവുന്നതല്ല. അതുകൊണ്ട എല്ലാവരും ദേഹശക്തി, പഠിപ്പ്, യുക്തി, ഭക്തി, ചിത്തൈകാഗ്ര്യം ഇവകളെ അന്യന്മാൎക്ക ഉപദ്രവം ഇല്ലാതെ വൎദ്ധിപ്പിച്ച അവകളെ എല്ലാം പരോപകാരത്തിന്ന ഉപയോഗിപ്പാനുള്ള സ്വഭാവം ശീലിപ്പിക്കേണ്ടതും, ആ സ്വഭാവം ഉണ്ടാവുന്നതുവരെ ദുഃഖം ഉണ്ടായിക്കൊണ്ടിരിക്കുമെന്ന അറിയേണ്ടതുമാണ. ഇനി അനുഭവരീതികളെ പറയുന്നു.

13. ന ഘോരാസു ന മൂഢാസു
സുഖാനുഭവ ഈക്ഷ്യതെ
ശാന്താസ്വപി ക്വചിൽ ക്വചിൽ
സുഖാതിശയ ഈക്ഷ്യതാം.

ന=ഇല്ല, ഘോരാസു=ഘോരവൃത്തികളിൽ, ന=ഇല്ല, മൂഢാസു=മൂഢവൃത്തികളിൽ, സുഖാനുഭവഃ=സുഖാനുഭ

വം, ഈക്ഷ്യതേ=കാണപ്പെടുന്നു, ശാന്താസു=ശാന്തവൃത്തികളിൽ, അപി=എന്നാൽ, കദാചിൽ=ചിലപ്പോൾ, കശ്ചിൽ—ഒരുമാതിരി, സുഖാതിശയഃ=അധികസുഖം, ഈക്ഷ്യതാം=കണ്ടാലും, സുഖാതിശയം എന്നു പറയുന്നതിന്റെ അൎത്ഥം നല്ലവണ്ണം ഗ്രഹിക്കേണ്ടതാണ്. ഒരുവന്നു വിശപ്പുള്ളപ്പോൾ സാധാരണ ഊണും, പഞ്ചഭക്ഷ്യപരമാന്നസാപ്പാടും രണ്ടും സുഖത്തെകൊടുക്കുന്നതാണെങ്കിലും രണ്ടാമത് പറഞ്ഞതിൽ സുഖാതിശയമുണ്ടാകുമല്ലോ. അതുപോലെ വിഷയസുഖത്തിൽ കേവലം യുവതിയായ ഒരുവളും ശൃംഗാരശാസ്ത്രം മുതലായ ജ്ഞാനം ഉള്ള ഒരുത്തിയും ഭക്തിശ്രദ്ധാദിയുള്ള ഒരു ലക്ഷണങ്ങൾ തികഞ്ഞ ഭാൎയ്യയും സുഖത്തെ ചെയ്യുന്നവരാണെങ്കിലും ഒടുവിലത്തവളിൽ സുഖാതിശയം ഉള്ളതാകുന്നു. അതുകൊണ്ട് മന്ദബുദ്ധിക്കും, വിഢ്ഢിത്തം പ്രവൃത്തിക്കുന്നവന്നും സുഖമില്ല. എല്ലാവിധജ്ഞാനവും ഉണ്ടായി ഉത്സാഹത്തോടും, കളവുകൂടാതെയും പരോപകാരത്തിന്ന് മാത്രമായും പ്രവൃത്തിക്കുന്ന ശാന്തന്ന് സുഖാതിശയമുണ്ടാകുന്നു.

മേൽപറഞ്ഞ സംഗതികൾക്ക് ചില ഉദാഹരണങ്ങളെ കൊടുക്കുന്നു.

14. ഗൃഹക്ഷേത്രാദിവിഷയേ
യദാകാമോഭവേത്തദാ
രാജസസ്യാസ്യകാമസ്യ
ഘോരത്വാൽതത്രനോസുഖം.

ഗൃഹക്ഷേത്രാദിവിഷയേ—ഗൃഹം, ഭാൎയ്യ, ഭൂമി മുതലായവകളിൽ, യദാ=എപ്പോൾ കാമഃ=ആഗ്രഹം സ്നേഹം, ഭവേൽ=ഭവിക്കുന്നുവോ, തദാ=അപ്പോൾ, രാജസസ്യ=രാജസമായിരിക്കുന്ന, അസ്യ=ഈ, കാമസ്യ=ആഗ്രഹത്തിന്നു, ഘോരത്വാൽ=ഘോരസ്ഥിതിയുള്ളതുകൊണ്ട്, തത്ര=അവി

ടെ, നോ=ഇല്ല, സുഖം=സുഖാനുഭവം, ഗൃഹം, ക്ഷേത്രം മുതലായ വിഷയങ്ങളിൽ സ്നേഹവും ആഗ്രഹവും ഉണ്ടാകുമ്പോൾ അവകളിൽ പക്ഷപാതം ഭവിക്കുന്നതുകൊണ്ടും അതന്നിമിത്തം പ്രാണിഹിംസയും മററും ഉണ്ടാവുന്നതിനാലും അവകൾ നമ്മെ സുഖമായിരിപ്പാൻ സമ്മതിക്കുന്നതല്ല.

പിന്നെ ദുഃഖപ്രാപ്തിയുടെ രീതിയെ ഇപ്രകാരം വൎണ്ണിക്കുന്നു.

15. സിദ്ധ്യേന്നവേത്യസ്തിദുഃഖം
അസിദ്ധൌതദ്വിവർദ്ധതേ
പ്രതിബന്ധേഭവേൽ ക്രോധഃ
ദ്വേഷോവാപ്രതികൂലതഃ

16. അശക്യശ്ചേൽപ്രതീകാരേ
വിഷാദസ്സ്യാൽസസ്സതാമസഃ
ക്രോധാദിഷുമഹദ്ദുഃഖം
സുഖശങ്കാപിദൂരതഃ

സിദ്ധ്യേൽ=കിട്ടും ന=ഇല്ല വാ=വികല്പം ഇതി=ഇപ്രകാരം അസ്തി=ഉണ്ട; ദുഃഖം=സങ്കടം. കിട്ടുമൊ ഇല്ലയൊ എന്നുള്ളസങ്കടം ഉണ്ട.

അസിദ്ധൌ=കിട്ടാത്തസ്ഥിതിയിൽ തൽ=അത് വിവർദ്ധതേ=വർദ്ധിക്കും പ്രതിബന്ധേ=തടസ്ഥത്തിൽ, ഭവേൽ=ഭവിക്കുന്നു ക്രോധഃ=ദ്വേഷ്യം ദ്വേഷഃ=സ്ഥിരമായപ്രതികൂലബുദ്ധി, വാ=അല്ലെങ്കിൽ, പ്രതികൂലതഃ=വിപരീതം സംഭവിക്കുമ്പോൾ, അശക്യഃ=കഴിയാത്തത. ചേൽ=എന്നാൽ, പ്രതീകാരഃ=പ്രതിക്രിയ, വിഷാദഃ=മനോവേദന സ്യാൽ=ഉണ്ടാകും, സഃ=അത, താമസഃ=തമോമയവികാരമാണ. ക്രോധാദിഷു=ക്രോധാദികളിൽ, മഹൽ=വലുതായ, ദുഃഖം സങ്കടം=സുഖശങ്കാ=സുഖത്തിന്റെസംശയം, അപി=കൂടി, ദൂരതഃ=ദൂരത്താകുന്നു.

നമ്മുടെ സമ്പത്ത, ഗൃഹം, ഭാൎയ്യ, ബന്ധുമിത്രാദികൾ ഇവയുടെ പേരിൽ അത്യാസക്തി വരുമ്പോൾ അവ കിട്ടുമൊ ഇല്ലയൊ എന്ന അത്യന്തം ദുഃഖമുണ്ടാകുന്നു. പിന്നെ വിചാരിച്ചപോലെ സാധിച്ചില്ലെങ്കിൽ ആ ദുഃഖം വൎദ്ധിക്കുന്നു. അതുകളെ ലഭിക്കുന്നതിൽ ആരെങ്കിലും തടസ്ഥംചെയ്താൽ അവരുടെ പേരിൽ ദ്വേഷ്യവും, അവരുടെ തടസ്ഥം സ്ഥിരമായാൽ അവരോട മത്സരവും ഉണ്ടാകുന്നു. പിന്നെ അതിന്ന പ്രതിക്രിയകളാലോചിക്കുന്നു. അത സാധിച്ചില്ലെങ്കിൽ അമേയമായ സങ്കടം നേരിടുന്നു. ഈക്രോധം മുതലായ അവസ്ഥകൾ അതിദുഃഖമുണ്ടാക്കുന്നു. സുഖത്തിന്റെ സംശയംകൂടി അപ്പോൾ ഉണ്ടാകയില്ല.

17. കാമ്യലാഭേ ഹൎഷവൃത്തിഃ ശാന്താസ്തത്ര മഹത്സുഖം
ഭോഗേ മഹത്തരം ലാഭഃ പ്രസക്താവീഷദേവഹി.

18. മഹത്തമം വിരക്തൌ തു വിദ്യാനന്ദേ തദീരിതം
ഏവം ക്ഷാന്തൌ തഥൌദാൎയ്യേ ക്രോധലോഭനിവാരണാൽ

കാമ്യലാഭേ=വിചാരിച്ചത സാധിച്ചാൽ, ഹൎഷവൃത്തിഃ=സന്തോഷപ്രാപ്തി ഉണ്ടാകുന്നു ശാന്താഃ=ശാന്തത ഭവിക്കുമ്പോൾ തത്ര=അവിടെ, മഹൽ സുഖം=അതിസൌഖ്യം ഉണ്ടാകുന്നു. ഭോഗേ=അനുഭവത്തിങ്കൽ മഹത്തരം=വളരെ അധികം സുഖം ഉണ്ടാകുന്നു; ലാഭപ്രസക്തൌ=കിട്ടുമെന്ന സൂക്ഷ്മം അറിയുമ്പോൾ, ഈഷൽ=കുറച്ച ഏവ=മാത്രം സുഖമുണ്ടാകുന്നു. മഹത്തമം=ഏററവും അധികം വിരക്തൌ=വൈരാഗ്യത്തിൽ, തു=എന്നാലൊ, വിദ്യാനന്ദേ=വിദ്യാനന്ദപ്രകരണത്തിൽ തൽ=അത, ഈരിതം=പറയപ്പെട്ടിട്ടുണ്ട. ഏവം=ഇപ്രകാരം, ക്ഷാന്തൌ=ക്ഷാന്തിയിൽ-ക്ഷമിക്കുന്നതിൽ, തഥാ=അപ്രകാരം, ഔദാൎയ്യേ=ഔദാൎയ്യബുദ്ധിയിൽ ക്രോധലോഭനിവാരണാൽ=(മനസ്സിൽ സമാധാനം ഇല്ലാതെയാ

കിട്ടുകയെന്ന ഉണ്ടാക്കുന്നവയായ) ദ്വേഷ്യത്തെയും, ദുരാഗ്രഹത്തെയും വിലക്കുന്നതുകൊണ്ട, വൈരാഗ്യ, ക്ഷാന്തി, ഔദാൎയ്യം മുതലായ ഗുണങ്ങൾ ഉണ്ടാകുമ്പോൾ കാമക്രോധാദികൾ നശിക്കുകയും അപ്പോൾ മനസ്സ ശാന്തമായി ഭവിച്ച സുഖപ്രാപ്തിയെ ഉളവാക്കുകയും ചെയ്യുന്നു.

നാം വിചാരിച്ചകാൎയ്യം സാധിക്കുമ്പോൾ മനസ്സ ശാന്തമായി ഭവിച്ച വളരെ സുഖമുണ്ടാകും. പിന്നെ കാൎയ്യം സാധിച്ച ഫലത്തെ അനുഭവിക്കുമ്പോൾ ശാന്തസ്ഥിതി നിരന്തരമായിരിക്കയും സുഖം വൎദ്ധിക്കയും ചെയ്യും. കാൎയ്യം സാധിക്കുമെന്ന പ്രസ്താവം മാത്രം ഉണ്ടായാൽ ശാന്തി അധികം ഉണ്ടാകാത്തതിനാൽ സുഖവും കുറെച്ച ഉണ്ടാകുയുള്ളു. എന്നാൽ ഒരാഗ്രഹം ഉണ്ടായി അത സാധിക്കുന്നതിനെക്കാൾ ആ ആഗ്രഹംതന്നെ ഇല്ലാതെയിരിക്കുന്നതിലാണ അധികം സുഖം. ഒരാൾക്ക പുകയില മുറുക്കാതെകൊണ്ടാവശ്യംതന്നെയില്ല എന്ന വിചാരിക്കുക. പിന്നെ ഒരു മുറുക്കുകാരന്ന പുകയില കിട്ടാതെ വളരെ ബുദ്ധിമുട്ടിയശേഷം അത കിട്ടി, മുറുക്കുമ്പോൾ അവൻ അനുഭവിക്കുന്ന സുഖത്തെക്കാൾ മുറുക്കുകതന്നെ വെണ്ട എന്നവന്റെ സുഖം അധികമായിരിക്കുമെന്നതിന്ന സംശയമില്ല. അതുപൊലെതന്നെ ഒരു വ്യാധിയുണ്ടായി മാറെണമെന്നാഗ്രഹിച്ച മാറിയശേഷം ഉണ്ടാവുന്ന സുഖത്തെക്കാൾ വ്യാധിതന്നെ ഉണ്ടാവാതിരിക്കുന്നത അധികസുഖമാണെന്ന പറയെണ്ടതില്ലല്ലൊ. ഇതുപോലെ ഈശ്വരഭക്തി, ജ്ഞാനം മോക്ഷപ്രാപ്തി ഇതുകളിലല്ലാതെ മറ്റുള്ളവയിലുള്ള സകല ആഗ്രഹങ്ങളും, ക്രോധാദികളും മനസ്സിന്ന വ്യാധികൾപോലെയും, അവയുടെ സാദ്ധ്യം ഒരു ചികിത്സപോലെയുമാണ. ജ്ഞാനം, മോക്ഷം, ഈശ്വരഭക്തി ഇവ വ്യാധിതന്നെ ഇല്ലാത്തതുപൊലെയും കരുതെണ്ടതാണം. അതുകൊണ്ടാണ ക്ഷാന്തി ഔദാൎയ്യം വൈരാഗ്യം ഈ സ്ഥിതി

യിൽ മനശ്ശാന്തിയും, അതിസൌഖ്യവും ഉണ്ടാകും എന്നു പറയുന്നതു.

19. യദ്യൽസുഖംഭവെത്തത്തൽ
ബ്രഹ്മൈവപ്രതിബിംബനാൽ
വൃത്തിഷ്വന്തർമുഖാസ്വസ്യ
നിർവ്വിഘ്നം പ്രതിബിംബനം.

യൽ=യാതൊന്നു, യൽ=യാതൊന്നു, സുഖം=സൌഖ്യം ഭവേൽ=ഭവിക്കുന്നുവൊ, തൽ=അതു തൽ=അതു, ബ്രഹ്മ=പരബ്രഹ്മം, പരമാത്മാ, ഏവ=തന്നെ, പ്രതിബിംബനാൽ=, പ്രതിഫലിക്ക ഹേതുവാൽ, വൃത്തിഷു=വൃത്തികളിൽ മനോവികാരങ്ങളിൽ, അന്തർമുഖാസു=സാരദൃഷ്ടിയോടുകൂടി ഭവിച്ചാൽ, അസ്യ=ഇവന്നു, നിർവ്വിഘ്നം=വിഘ്നമില്ലാതെ=തടസ്ഥമില്ലാതെ, പ്രതിബിംബനം=പ്രതിബിംബം.

നാം അനുഭവിക്കുന്ന എല്ലാവിധസുഖവും യഥാർത്ഥത്തിൽ ബ്രഹ്മസ്ഥിതിതന്നെ. എന്തുകൊണ്ടെന്നാൽ, ഏതു സുഖവും ബ്രഹ്മസ്ഥിതിയുടെ പ്രതിബിംബവ്യത്യാസമാത്രമാകുന്നു. എന്നാൽ നമ്മുടെ ആലോചന, ശ്രദ്ധ, ധ്യാനം മുതലായവ സാരമായവിഷയങ്ങളിൽ സൂക്ഷ്മത്തിൽ എത്തിയാൽ ബ്രഹ്മത്തിന്റെ പ്രതിബിംബം തടസ്ഥംകൂടാതെ ഫലിക്കയും അതുകൊണ്ടു നിത്യമായും, നിരതിശയമായുമുള്ള ആനന്ദംലഭിക്കുകയും ചെയ്യും. നിത്യം എന്നുവെച്ചാൽ അവസാനം ഇല്ലാതെ എന്നർത്ഥം. നിരതിശയം എന്നാൽ ഇവനെക്കാൾ വേറെ ഉൽകൃഷ്ടമായ സുഖമില്ലെന്നർത്ഥം

ഇനി എല്ലാദിക്കിലും ബ്രഹ്മസ്വരൂപാനുഭവമാണെന്നു മനസ്സിലാക്കുവാൻ ബ്രഹ്മസ്വരൂപത്തെപ്പറ്റി താഴെപറയുന്നു.

20. സത്താചിതിസ്സുഖംചേതി സ്വഭാവാഃ ബ്രഹ്മണസ്ത്രയഃ
മൃച്ഛിലാദിഷ്വസത്തൈവ വ്യജ്യതേനേതരദ്വയം.

സത്താ=ഉണ്ട എന്നസ്ഥിതി, ചിതിഃ=ജ്ഞാനം, സുഖം=ആനന്ദ; ച ഇതി=ഇപ്രകാരം, സ്വഭാവാഃ=സ്വഭാവങ്ങൾ, ബ്രഹ്മണഃ=പരമാത്മാവിന്റെ, ത്രയഃ=മൂന്നു, മൃച്ഛിലാദിഷു=മണ്ണു, കല്ലു മുതലായതുകളിൽ, സത്താ=ഉണ്ട എന്നത, ഏവ=മാത്രം, വ്യജ്യതെ=വെളിപ്പെടുന്നു, ന=ഇല്ല ഇതരദ്വയം=ബാക്കി രണ്ടും.

ബ്രഹ്മത്തിന്റെ സ്വഭാവം സത്ത, ചിത്ത, സുഖം എന്നിപ്രകാരം മൂന്നായി പിരിക്കാം. അതിൽ സത്താവസ്ഥമാത്രമെ കല്ല്, മണ്ണു മുതലായതകളിൽ വ്യക്തമാകുന്നുള്ളു. ബാക്കിരണ്ടും (ചിത്തും ആനന്ദവും) അതുകളിൽ സ്ഫുരിക്കുന്നില്ല.

21. സത്താചിതിദ്വയംവ്യക്താ
ധീവൃത്ത്യോർഘോരമൂഢയോഃ
ശാന്തവൃത്തൌത്രയംവ്യക്തം
മിശ്രംബ്രഹ്മേത്ഥമീരിതം.

സത്താ=ഉണ്ട എന്നത, ചിതിഃ=ജ്ഞാനം, ദ്വയം=രണ്ടും, വ്യക്തം=വെളിപ്പെടുന്നു, ധീവൃത്ത്യോഃ=ബുദ്ധിവികാരങ്ങളിൽ, ഘോരമൂഢയോഃ=ഘോരമൂഢങ്ങളായ, രാജസതാമസങ്ങളായ, ശാന്തവൃത്തൌ=ശാന്തവികാരങ്ങളിൽ, ത്രയം=മൂന്നും, വ്യക്തം=വെളിപ്പെടുന്നു, മിശ്രം=സഗുണമായ, പ്രപഞ്ചവ്യാപ്തമായ, ബ്രഹ്മ=പരമാത്മാ, ഇത്ഥം=ഇപ്രകാരം, ഈരിതം=പറയപ്പെട്ടിരിക്കുന്നു.

മടി, മന്ദബുദ്ധി, ഉറക്കം, അത്യാഗ്രഹം, ദ്വേഷ്യം, അസൂയ മുതലായ താമസരാജസവികാരങ്ങളോടുകൂടിയ മനസ്സിൽ ബ്രഹ്മത്തിന്റെ സൽസ്ഥിതിയും, ചിൽസ്ഥിതിയും വ്യക്തമാകും. എന്നാൽ മനസ്സിലുള്ള മേൽപ്പടി ദോഷങ്ങളെ നിഗ്രഹത്താൽ ശമിപ്പിച്ച ക്ഷമാ, ഔദാര്യം, വൈരാഗ്യാ-

മുതലായ നല്ലഗുണങ്ങൾ ഉണ്ടാകുമ്പോൾ മനസ്സിൽ ആനന്ദാവസ്ഥക്കു സ്ഥിതിക്കുന്നു. ഇനി സഗുണബ്രഹ്മസ്വരൂപം താഴെ വർണ്ണിക്കുന്നു

22. അമിശ്രൌ ജ്ഞാനയോഗാഭ്യാം
തൌ പൂർവ്വം ഉദീരിതൌ
ആദ്യാദ്ധ്യായേ യോഗചിന്താ
ജ്ഞാനം അദ്ധ്യായയോർദ്വയോഃ.

ജ്ഞാനയോഗാഭ്യാം=ജ്ഞാനം, യോഗം ഇവ രണ്ടിനാൽ, അമിശ്രൌ=നിർഗ്ഗുണബ്രഹ്മ, തൌ=അവരണ്ടും, പൂർവ്വം=മുമ്പെ, ഉദീരിതൌ=പറയപ്പെട്ടിരിക്കുന്നു. ആദ്യെ=ഒന്നാമത്, അദ്ധ്യായെ=അദ്ധ്യായത്തിൽ, യോഗചിന്താ=യോഗവിചാരം, ജ്ഞാനം=ജ്ഞാനമാർഗ്ഗം, അദ്ധ്യായയോഃ=അദ്ധ്യായങ്ങളിൽ, ദ്വയോഃ=രണ്ടും മൂന്നും.

നിർഗ്ഗുണബ്രഹ്മസ്വരൂപത്തിന്റെ അപരോക്ഷാനുഭൂതി വരേണമെങ്കിൽ ജ്ഞാനമാർഗ്ഗം, യോഗമാർഗ്ഗം ഈ രണ്ടുംകൊണ്ടെ സാധിക്കയുള്ളു. ഇതിനെപ്പറ്റി പഞ്ചദശിപ്രകരണത്തിൽ ആനന്ദപഞ്ചക പ്രകരണങ്ങളിൽ ആദ്യത്തെ അദ്ധ്യായത്തിൽ യോഗമാർഗ്ഗവും, രണ്ടും, മൂന്നും, അദ്ധ്യായങ്ങളിൽ ജ്ഞാനമാർഗ്ഗവും വർണ്ണിക്കപ്പെട്ടിരിക്കുന്നു.

മേൽപ്രകാരം സഗുണനിർഗ്ഗുണ ബ്രഹ്മസ്വരൂപങ്ങളെ വർണ്ണിച്ചിട്ടു ഇനി മായാസ്വരൂപത്തെ വർണ്ണിക്കുന്നു.
ഇതിന്റെ ആവശ്യം മായാബാധയിൽപെട്ടാൽ ബ്രഹ്മസാക്ഷാൽകാരം ഉണ്ടാവാത്തതുകൊണ്ടു മായാസ്വരൂപത്തെ നിഗ്രഹിച്ചു അതിൽ അകപ്പെടാതെ സൂക്ഷിപ്പാൻവേണ്ടിയാണ.

23. അസത്താ ജാഡ്യദുഃഖെദ്വെ
മായാരൂപം ത്രയം ത്വിദം
അസത്താ നരശൃംഗാദൌ
ജാഡ്യം കാഷ്ഠശിലാദിഷു.

24. ഘോരമൂഢധിയോർദ്ദുഃഖം
ഏവംമായാവിജൃംഭിതാ
ശാന്താദിബുദ്ധിവൃത്ത്യൈക്യാൽ
മിശ്രംബ്രഹ്മേതികീർത്തിതം.

അസത്താ=ഇല്ലായ്മ, ജാഡ്യദുഃഖേ=ചൈതന്യമില്ലായ്മ, ദുഃഖം=ഇവയിൽ ദ്വേ=രണ്ടും, മായാരൂപം=മായാസ്വരൂപം ത്രയം=മൂന്ന, തു=എന്നാൽ ഇദം=ഇത, അസത്താ=ഇല്ലായ്മ, നരശൃംഗാദൌ=മനുഷ്യന്റെ കൊമ്പ എന്ന പറയുന്ന പോലെയുള്ളതിൽ, ജാഡ്യം=ചൈതന്യമില്ലായ്മ. കാഷ്ഠശിലാദിഷു=കല്ല, മരം, മുതലായതുകളിൽ, ഘോരമൂഢധിയോഃ=ഘോരമായും മൂഢമായുമുള്ള രാജസവാസനകളിൽ, ദുഃഖം=സങ്കടം ഏവം=ഇപ്രകാരം, മായാ=മായാസ്വരൂപം, വിജൃംഭിതാ=വെളിപ്പെട്ടിരിക്കുന്നു. ശാന്താദിബുദ്ധിവൃത്ത്യൈക്യാത്=മനസ്സിൽ ശാന്തമായും, മററുമുള്ള നല്ല ഗുണവികാരങ്ങൾ ബുദ്ധിയിൽ ഉണ്ടാകുമ്പോൾ ബ്രഹ്മസ്ഫൂർത്തി ഉണ്ടാവുന്നതുകൊണ്ട, അതിനെ മിശ്രം=സഗുണമായ, ബ്രഹ്മ=പരമാത്മാ, ഇതി=എന്ന, കീർത്തിതം=പറയപ്പെട്ടിരിക്കുന്നു.

ബ്രഹ്മം സ്ഫുരിക്കുന്നത, സൽ, ചിൽ, ആനന്ദം എന്നിപ്രകാരം മൂന്നുവിധത്തിലാണല്ലൊ. മായാ അതിന്നു വിപരീതമായ ഇല്ലായ്മ, അറിവില്ലായ്മ, ദുഃഖം എന്നിപ്രകാരമാണ വെളിപ്പെടുന്നത മനുഷ്യന്റെ കൊമ്പ എന്നപോലെ ഒട്ടും ഇല്ലാത്തതായ സ്വരൂപങ്ങൾ ഉണ്ടെന്നുള്ളതോന്നലും, കല്ല, മരം മുതലായവപോലെ ജഡവസ്തുക്കളിൽ ചൈതന്യം കാണാത്തതും, രാജസവികാരങ്ങളായ കാമക്രോധാദികളാൽ ഉണ്ടാകുന്ന ദുഃഖവും മായയാകുന്നു. യഥാർത്ഥത്തിൽ ഈ മൂന്നവസ്ഥയും മാറിപോകുന്നതും, സ്വപ്നംപോലെ തൽക്കാലം തോന്നുന്നതും, മനോവികാരങ്ങളെ ഈശ്വരഭക്തികൊണ്ടും ധർമ്മാനുഷ്ഠാനംകൊണ്ടും ശുദ്ധിചെയ്യുമ്പോൾ തീരെ ഇല്ലാതായിപോകുന്നതും

ആകുന്നു. സംസ്കൃതത്തിൽ മായാ, എന്നതിന്ന 'യാ -മാ-
സാമായം=യാതൊന്നില്ലാത്തതൊ അത മായാ' എന്ന
വ്യാഖ്യാനിക്കാം അതുകൊണ്ടാണ യഥാൎത്ഥിൽ ഇല്ലാത്ത
തായും, സ്വപ്നംപോലെ തൊന്നുന്നതുമായ ഈ പ്രപഞ്ചാ
വസ്ഥയെ മായാ എന്നു പറയുന്നത. മായാസ്വരൂപം
ഗ്രഹിച്ചാൽ സത്യവസ്തുവായ ആത്മാവിനെ അറിയാറാകു
ന്നതും, ദുഃഖനിവൃത്തികൊണ്ട നിത്യനിരതിശയാനന്ദം ഉണ്ടാ
കുന്നതുമാണ. എന്നാൽ അസംഭാവനാ ദോഷം നീങ്ങി,
വിപരീതഭാവനാനിഗ്രഹിക്കപ്പെട്ടശെഷം ശാന്താദിസാത്വി
കവികാരങ്ങൾ ഉണ്ടായി അവസ്വാഭാവികമായി, ആ അവ
സ്ഥതന്നെ ബ്രഹ്മമായി സ്ഫുരിക്കുന്നു. അതിനാൽ ഇവയെല്ലാം
ചെൎന്തായ അനന്തകല്യാണഗുണസ്വരൂപനായി വൎണ്ണിക്ക
പ്പെടുന്ന സഗുണബ്രഹ്മസ്വരൂപത്തെ മിശ്രബ്രഹ്മം എന്നു
പറയപ്പെടുന്നു.

25. ഏവംസ്ഥിതെ ത്രയൊബ്രഹ്മ
ധ്യാതുമിച്ഛെൽപുമാനസൌ
നൃശൃംഗാദിമുപെക്ഷത
ശിഷ്ടംധ്യായെൽയഥായഥാ.

ഏവം=ഇപ്രകാരം, സ്ഥിതെ=ഇരിക്കുമ്പോൾ, അത്ര=
ഈജീവകാലത്തിൽ, യഃ=യാതൊരു, പുമാൻ=മനുഷ്യൻ, ബ്ര
ഹ്മ=ബ്രഹ്മസ്വരൂപത്തെ, ധ്യാതും=ധ്യാനിപ്പാൻ, ഇച്ഛെൽ
=ആഗ്രഹിക്കുന്നുവൊ, അസൌ=ഇവൻ, നൃശൃംഗാദി=മനു
ഷ്യന്റെ കൊമ്പ മുതലായവ ഇല്ലാത്തതിനെ ഉണ്ടെന്നും, ഉ
ള്ളതിനെ തെററിയും ധരിക്കുന്നതും തെററായ ധാരണയെ മാ
ററാതിരിക്കുന്നതും ശരിയായ ജ്ഞാനം ഉണ്ടായിട്ടും അനുഷ്ഠാ
നം ഇല്ലാതിരിക്കുന്നതും, ഉപെക്ഷത=ഉപേക്ഷിക്കണം, ശിഷ്ടം
=ബാക്കിയെ, യഥായഥാ=വേണ്ടതുപോലെ, ധ്യായെൽ=
ധ്യാനിക്കണം.

യഥാൎത്ഥസ്ഥിതി മുമ്പു പറഞ്ഞ പ്രകാരമായതിനാൽ ഒരു മനുഷ്യന്ന ജീവകാലത്തിൽ ബ്രഹ്മാനന്ദത്തെ അനുഭവിക്കത്തക്ക ജീവന്മുക്തിസ്ഥിതി ലഭിക്കേണമെങ്കിൽ താൽക്കാലികങ്ങളായ സുഖത്തെ ഉപെക്ഷിച്ച എന്നെന്നെക്കും ആനന്ദം ലഭിക്കത്തക്കമാൎഗ്ഗത്തെ ആലോചിച്ചും, പഠിച്ചും അറിഞ്ഞ അതുപ്രകാരം അനുഷ്ഠാനം ചെയ്തു എന്ന അനന്തകല്യാണഗുണസ്വഭാവനായി തെററിധാരണയെയും, മന്ദബുദ്ധിയെയും കളയെണ്ടതാകുന്നു. നിദ്രാ, ആലസ്യം, മൂഢത, കാമം, ക്രോധം മുതലായവയെ നശിപ്പിച്ച വൈരാഗ്യം, ക്ഷാന്തി, ഔദാൎയ്യം മുതലായ ഗുണങ്ങളെ സമ്പാദിച്ച ആ സ്വഭാവാവരുത്തെണമെന്ന അൎത്ഥം.

26. ശിലാദൌനാമരൂപാദേ
ത്യക്ത്വാസന്മാത്രചിന്തനം
ത്യക്ത്വാദുഃഖംഘോരമൂഢ
ധിയാഃസൽചിൽവിചിന്തനം.

ശിലാദൌ=കല്ലു മുതലായതുകളിൽ, നാമരൂപേ=പേരും സ്വരൂപവും ദ്വേ=രണ്ടും ത്യക്ത്വാ=വിട്ടു (തൽക്കാലം തോന്നുന്നത മാത്രമല്ലാതെ സ്ഥിരമല്ലെന്ന മനസ്സിലാക്കി) സന്മാത്രചിന്തനം=ബ്രഹ്മത്തിന്റെ സദവസ്ഥമാത്രം സ്ഫുരിച്ചിരിക്കുന്നു എന്ന ഗ്രഹിക്കൽ, ഘോരമൂഢവൃത്തികളിൽ മടി, വിഢിത്വം, ഉറക്കം, കാമം, ക്രോധം ഇതുകളിൽ ദുഃഖം=സങ്കടം, ത്യക്ത്വാ=വിട്ടു (തൽക്കാലം തോന്നുന്നതാണെന്നും ആ അവസ്ഥകളെ ഭേദപ്പെടുത്തി സാത്വികമാക്കി മാററിയാൽ സുഖമുണ്ടാകുമെന്നും ഗ്രഹിച്ചു) സൽചിൽവിചിന്തനം=സത്തും ചിത്തും സ്ഫുരിക്കുന്നു എന്നു ഗ്രഹിക്കൽ, ബ്രഹ്മത്തിന്റെ ആനന്ദാവസ്ഥ ഒഴിച്ചുശെഷം രണ്ടവസ്ഥയും സ്ഫുരിച്ചിരിക്കുന്നു എന്ന മനസ്സിലാക്കൽ.

മുമ്പു ബാക്കിയെ ഗ്രഹിക്കേണമെന്നു പറഞ്ഞതിന്റെ അൎത്ഥം വെളിപ്പെടുത്തുന്നു. ബ്രഹ്മം എല്ലാററിലും സ്ഫുരിക്കുന്നു

താനാലും ഓരൊ തടസ്ഥംകൊണ്ടു അതിന്റെ എല്ലാ അവസ്ഥയും എല്ലാറ്റിലും വ്യക്തപ്പെടുന്നില്ല കല്ലു, മണ്ണു, മുതലായതുകളിൽ അതിന്റെ സദവസ്ഥമാത്രമെ സ്ഫുരിക്കുന്നുള്ളു. എന്നാൽ അതുകളിലും, പേരും, രൂപവും ബ്രഹ്മമല്ല. അവ മാറിമാറിക്കൊണ്ടിരിക്കുന്നതുകൊണ്ടു സ്വപ്നദൃഷ്ടപദാൎത്ഥങ്ങൾപൊലെ മിത്ഥ്യാഭൂതങ്ങളാകുന്നു.

എന്നാൽ അതുകളിലും ബ്രഹ്മസ്ഫൂൎത്തി ഉണ്ടു. അത സദവസ്ഥയാകുന്നു. മേല്പടി പദാൎത്ഥങ്ങളുടെ സ്വരൂപവും, പേരും മാറിയാലും ആ വസ്തു എപ്പോഴും ഉണ്ടെന്നുള്ള അവസ്ഥയെ = സദവസ്ഥയെ, വിടുന്നില്ല. ബ്രഹ്മത്തിന്റെ സദവസ്ഥയിൽ ഈ നാമരൂപങ്ങളെ ചരട്ടിൽ മണികോൎത്തപോലെ കോൎത്തിരിക്കയാകുന്നു. ആ അവസ്ഥകൾ യഥാൎത്ഥത്തിൽ തോന്നൽമാത്രമാകയാൽ കല്പിതങ്ങളുമാകുന്നു. അതുകൊണ്ടു ശിലാദികളിൽ വ്യാപിച്ച സദവസ്ഥമാത്രം ബ്രഹ്മമാണെന്നു മനസ്സിലാക്കേണ്ടതാകുന്നു, അതുപോലെ ഘോരമൂഢാവൃത്തികളോടുകൂടി മനുഷ്യന്റെ മനസ്സിൽ ബ്രഹ്മത്തിന്റെ രണ്ടവസ്ഥ വെളിപ്പെട്ടിട്ടുണ്ടു. സദവസ്ഥയും, ചിദവസ്ഥയും അതുകളിൽ വെളിപ്പെടുമ്പോൾ മനസ്സിലുള്ള കൽമഷംകൊണ്ടു ആനന്ദം മാത്രം തടസ്ഥപ്പെട്ടിരിക്കും. അതുകൊണ്ടു മനുഷ്യന്റെ സൂക്ഷ്മശരീരസംബന്ധമായ മനോവികാരങ്ങളിൽ ബ്രഹ്മത്തിന്റെ സത്, ചിൽ എന്ന അവസ്ഥകളുടെ സ്ഫൂൎത്തികളെമാത്രം ഗ്രഹിക്കേണ്ടതാകുന്നു. അതുകളിലുണ്ടാവുന്ന ദുഃഖം താൽക്കാലികമാകുന്നു. മനോവികാരങ്ങളുടെ മൂഢസ്വഭാവം ഘോരമായി മാറി നിഗ്രഹത്താൽ ശാന്തമായാൽ ആനന്ദവും സ്ഫുരിക്കുന്നതാകുന്നു.

27. ശാന്താസു സച്ചിദാനന്ദാൽ
ത്രീണ്യപ്യേവംവിചിന്തയെൽ
കനിഷ്ഠമധ്യമോൽകൃഷ്ടഃ
തിസ്രഃ ചിന്താഃ ക്രമാദിമാഃ.

ശാന്താസു=വൈരാഗ്യം, ക്ഷാന്തി, ഔദാര്യം മുതലായ ശാന്തമനോവൃത്തികളിൽ, സച്ചിദാനന്ദാൽ=ബ്രഹ്മത്തിന്റെ സത്, ചിത്, ആനന്ദം ഈ മൂന്നവസ്ഥകളിൽ, ത്രിരപി=മൂന്നിനെയും, ഏവം=ഇപ്രകാരം, മൂന്നവസ്ഥയും സ്ഫുരിച്ചിരിക്കുന്നു എന്നു, വിചിന്തയേൽ=ആലോചിക്കണം, ക്രമാദിമാഃ=ക്രമപ്രകാരമുള്ളവ തിസ്രഃ=മൂന്നു, ചിന്താഃ=ആലോചനകൾ, കനിഷ്ഠമദ്ധ്യമോൽകൃഷ്ടാഃ=ആദ്യം, പിന്നെ ഒടുവിൽ എന്നീപ്രകാരമാണ.

മുൻശ്ലോകത്തിൽ സത്തിന്റെയും, ചിത്തിന്റെയും സ്ഫൂർത്തികളെ ഗ്രഹിപ്പാൻ വഴിപറഞ്ഞതുപോലെ ശാന്തമൂഢാവികാരങ്ങളിൽ ബ്രഹ്മത്തിന്റെ സ്ഫൂർത്തിയായ സച്ചിദാനന്ദസ്ഫൂർത്തിയുണ്ടാകുമെന്നു ഗ്രഹിക്കേണ്ടതാണ. നമ്മുടെ താമസസ്വഭാവം ക്രമമായി രാജസമായി മാറി നിഗ്രഹത്താൽ സാത്വികമാകുന്നതാകകൊണ്ടു അതുകളെ അധമ, മദ്ധ്യമ, ഉത്തമചിന്തകളായി വിചാരിക്കേണ്ടതാണ. ഉത്തമചിന്താ ധാരണ, ധ്യാനം, സമാധി എന്നിവയായി മാറി ബ്രഹ്മൈക്യത്തെ പ്രാപിക്കുന്നതിനാൽ ആ ചിന്തയിൽ ബ്രഹ്മത്തിന്റെ എല്ലാ അവസ്ഥകളും സ്ഫുരിക്കുന്നു എന്നു തെളിയുന്നുവല്ലോ. ഈ അവസ്ഥാഭേദം, ചിന്തിക്കുന്നാളുടെ യോഗ്യതപോലെയാകുന്നു.

28 മന്ദസ്യവ്യവഹാരെപി
മിശ്രബ്രഹ്മണിചിന്തനം
ഉൽകൃഷ്ടംവക്തുമെവാത്ര
വിഷയാനന്ദഈരിതഃ.

മന്ദസ്യ=അല്പബുദ്ധിക്ക്, വ്യവഹാരെപി=വ്യവഹാരദശയിൽകൂടി=എല്ലാവരെയുംപോലെ ലോകത്തിൽ പ്രവൃത്തിക്കുമ്പോൾകൂടി, മിശ്രബ്രഹ്മണി=ഈശ്വരങ്കൽ =സഗുണബ്രഹ്മത്തിൽ, മുൻപറഞ്ഞപ്രകാരം സാത്വികഗുണങ്ങളെ സ്വാഭാവികമാക്കിയസുഖാനുഭവത്തിങ്കൽ, ചിന്തനം=

ആലോചന, ഉൽകൃഷ്ടം=ശ്ലാഘ്യം, വക്തും=പറവാൻ, ഏവ=തന്നെയാണ, അത്ര=ഈ പഞ്ചദശിപ്രകരണത്തിൽ, വിഷയാനന്ദഃ=വിഷയാനന്ദപ്രകരണം, ഈരിതഃ=പറയപ്പെട്ടത.

ഉൽകൃഷ്ടങ്ങളായ ഉപനിഷത്ത മുതലായ വെദാന്തഗ്രന്ഥങ്ങളിലുള്ള വിഷയങ്ങളെ ഗ്രഹിച്ച ജ്ഞാനത്താൽ ബ്രഹ്മപ്രാപ്തിക്കു യോഗ്യത സമ്പാദിപ്പാൻ സാധിക്കാത്തതയും, ലൌകികസുഖത്തെ വിടുവാൻ മനസ്സില്ലാത്തതയും, ഇരിക്കുന്ന അല്പബുദ്ധികൾക്കു ലൌകികാനുഭവങ്ങളിൽതന്നെ, സ്ഥൂലം വ്യത്യാസംകൊണ്ടുമാത്രം ഈശ്വരധ്യാനം വരുത്താവുന്ന ശ്ലാഘ്യാംശത്തെ കാണിപ്പാൻവേണ്ടിയാണ പഞ്ചദശിയിൽ ഈ വിഷയാനന്ദപ്രകരണം എഴുതിയിരിക്കുന്നത. സർവ്വപ്രാണികളിലും, ജഡവസ്തുക്കളിലും ഈശ്വരൻ വ്യാപിച്ചിരിക്കുന്നു എന്നും, അവസ്ഥാഭേദംകൊണ്ടു മുഴുവനും വെളിപ്പെടാത്തതാണെന്നും അവസ്ഥാഭേദങ്ങൾക്ക കാരണം ഏതെതുവസ്തുവിൽ ആത്മാവ സ്ഥിതിക്കുന്നുവൊ ആ വസ്തുക്കളുടെ മാലിന്യവ്യത്യാസമാണെന്നും ഗ്രഹിച്ച ആ മാലിന്യം സ്ഥിരമല്ലഎന്നും വെറുതെ തോന്നുന്നതാണെന്നും മനസ്സിലാക്കി ആവഴിക്കു ബ്രഹ്മസായൂജ്യം ലഭിക്കാവുന്നതുകൊണ്ടു ഈ ഈശ്വരധ്യാനവും ഉൽകൃഷ്ടമാണെന്നു പറയപ്പെട്ടിരിക്കുന്നു.

29. ഔദാസീന്യേതുധീവൃത്തേഃ
ശൈഥില്യാദുത്തമോത്തമം
ചിത്തംവാസനാനന്ദേ
ധ്യാനമുക്തംചതുർവ്വിധം.

ഔദാസീന്യേ=ഉദാസീനതയുള്ളപ്പോഴും=ലൌകികവിഷയസുഖങ്ങളിൽനിന്നു മനസ്സു വിരക്തിയെ പ്രാപിച്ചപ്പോഴും, ധീവൃത്തേഃ=മനോവികാരങ്ങളുടെ, ശൈഥില്യാൽ=നിഗ്രഹത്താൽ, ഉത്തമോത്തമം=അത്യുൽകൃഷ്ടമായ, വാസ

സാനന്ദം=ആനന്ദപദവിയിൽ മനസ്സിനെ പ്രവൃത്തിപ്പിപ്പാൻ സ്വാഭാവികമാക്കിയ ആ സ്ഥിതിയിൽ, ചിന്തനം=ധ്യാനം, ചാതുർവ്വിധം=നാലുവിധം, ധ്യാനം=ആലോചന, ഉക്തം=പറയപ്പെട്ടിരിക്കുന്നു.

മുമ്പു പറഞ്ഞ 20 ാമ ആലോചനകളിൽ ജാഡ്യദോഷം, അസത്താദോഷം, ദുഃഖദോഷം, ഈ മൂന്നിനെയും കളഞ്ഞു കേവലചൈതന്യത്തിൽ ധ്യാനം ഉറപ്പിച്ചു് അതിനെ സ്വാഭാവികമാക്കുന്നതാണ് അത്യുത്തമമായ ധ്യാനം. ഓരോ വിഷയത്തിൽ നമ്മുടെ മനസ്സ് നിൎത്തി ആ വിഷയത്തിൽ മുൻശ്ലോകങ്ങളിൽ പറഞ്ഞ മാതിരിയുള്ള ദോഷങ്ങളെ നീക്കം ചെയ്യുമ്പോൾ, കേവലം ആനന്ദംമാത്രം ഉണ്ടാവുന്നതാണ്. മനസ്സിൽ ഘോരമൂഢവൃത്തികൾ ഉണ്ടാകാതെ നോക്കണം. ഇല്ലാത്ത വസ്തുക്കളെയോ, കിട്ടാത്ത വസ്തുക്കളെയോ, ആഗ്രഹിക്കരുത്, ഓരോ സാധനങ്ങൾ കേട്ടുവന്നോ, വേറെ വിധത്തിലോ നഷ്ടമാകുമ്പോൾ അവയുടെ നാമരൂപഭേദങ്ങൾ വരുന്നതേ ഉള്ളൂ, എന്നറിഞ്ഞു ദുഃഖിക്കാതിരിക്കണം. ലോകത്തിൽ സത്ത, ഒന്നെയുള്ളു എന്നു എപ്പോഴും ഓൎമ്മവെക്കണം. ഈ മൂന്നു സംഗതികളെ മനസ്സിലാക്കി, ദുഃഖകാരണങ്ങളെ ഇല്ലായ്മ ചെയ്യുമ്പോൾ ആനന്ദവാസനമാത്രം ശേഷിക്കുന്നു. വേറെ ഒരു വസ്തുവിലും ബുദ്ധി ചെല്ലുന്നില്ല. ഈ വാസനാനന്ദചിന്തനം തന്നെയാണ് അത്യുൽകൃഷ്ടമായ ധ്യാനം.

30. തദ്ധ്യാനംജ്ഞാനയോഗാഭ്യാം
ബ്രഹ്മവിദ്യൈവസാഫല്യ
ധ്യാനമേകാഗ്ര്യമാപന്നേ
ചിത്തവിശ്ര്യാസ്ഥിതിർഭവേൽ.

ധ്യാനം=മുൻശ്ലോകത്തിൽ പറഞ്ഞ ധ്യാനം, തജ്ഞാനയോഗാഭ്യാം=ജ്ഞാനത്തിന്നും യോഗത്തിന്നും മാൎഗ്ഗമായിട്ടുള്ള സാ=അത, ബ്രഹ്മവിദ്യാ, ഏവഖലു=ബ്രഹ്മവിദ്യതന്നെയാണല്ലോ.

നിൎവ്വിഷമായ ആനന്ദവൃത്തിയെ സ്വാഭാവികമാക്കി അതിൽതന്നെ മനസ്സ ഏകാഗ്രമായിരിക്കുന്നത തന്നെയാണ ബ്രഹ്മവിദ്യാ. എന്തുകൊണ്ടെന്നാൽ.

ധ്യാനേന=മേല്പടി ധ്യാനത്താൽ, ഐകാഗ്ര്യം=ഒന്നിൽതന്നെ മനസ്സുനിൽക്കുന്നത, ആപന്നേ=ഭവിച്ചപ്പോൾ. ചിത്തെ=മനസ്സിൽ, വിദ്യാ=ജ്ഞാനം, സ്ഥിരീഭവേൽ=ശാശ്വതമാകുന്നു.

സുഖാനുഭവം സ്ഫുരിക്കുന്നത മനസ്സിലാണല്ലൊ. ഇപ്രകാരം മനോവികാരങ്ങൾ നിലച്ചാൽ സുഖമായിരിക്കുന്നു എന്നു അറിഞ്ഞു ആ നിലയിൽതന്നെ മനോവൃത്തി, സ്വാഭാവികമാകുന്നതാണ വാസനാനന്ദം. അതിൽതന്നെ മനോവൃത്തി ഉറച്ചാൽ, ആ നില ബ്രഹ്മവിദ്യതന്നെയാണ. എങ്ങിനെയായാലാണ ദുഃഖംകലൎപ്പില്ലാതെ ആനന്ദം ഉണ്ടാകുന്നതൊ അതുതന്നെയാണ ബ്രഹ്മവിദ്യം. ആ നില അറിഞ്ഞു സ്ഥിരമാക്കുന്നത ബ്രഹ്മവിദ്യാ ശാശ്വതപദവിയാണ.

ഇതിനെ വിദ്യയെന്നുപറവാൻ കാരണം എന്തെന്നാൽ

31. വിദ്യായാം സച്ചിദാനന്ദഃ
അഖണ്ഡൈകരസാത്മതാം
പ്രാപ്യ ഭാതി ന ഭേദേന
ഭേദകോപാധിവൎജ്ജനാൽ.

വിദ്യായാം=ഈ ബ്രഹ്മവിദ്യയുണ്ടാകുമ്പോൾ, സച്ചിദാനന്ദഃ=സത്തും, ചിത്തും, ആനന്ദവും, അഖണ്ഡൈകരസാത്മതാം=കലൎപ്പില്ലാതെയും, അത്യുൽകൃഷ്ടമായുമുള്ള ആനന്ദാപദവിയായി മാത്രം, പ്രാപ്യ=ഭവിച്ച, ഭാതി=പ്രകാശിക്കുന്നു, ഭേദകോപാധിവൎജ്ജനാൽ=ഭേദപ്പെടുത്താനുള്ള കാരണം ഇല്ലാത്തതിനാൽ, ഭേദേന=ഭേദത്തോടുകൂടി, ന=അല്ല.

വൃത്തിമായ ജ്ഞാനം ഇല്ലാത്തതിനാലാണ ബ്രഹ്മാനന്ദവം മറയുന്നത. അതിൽ അധികം മറവ് വരുമ്പോൾ സത്താവസ്ഥമാത്രവും, കുറെ മറവു നീങ്ങുമ്പോൾ ചിദവസ്ഥയും സ്ഫുരിക്കുന്നു. എല്ലാമറവും നീങ്ങിയസ്ഥിതിയെയാണ വിദ്യയെന്നു പറയുന്നത. അതിൽ മറയ്ക്കുന്നുള്ള കാരണങ്ങൾ ഒന്നും ഇല്ലാത്തതിനാൽ സദവസ്ഥയും, ചിദവസ്ഥയും ആനന്ദത്തിൽ ലയിച്ചു കേവലം നിത്യനിരതിശയമായിമാത്രം സ്ഫുരിക്കുന്നു. പാലും, പഞ്ചസാരയും, അരിയും, മററും പായസത്തിന്റെ ഏകാംശങ്ങളാകുന്നു. അവകളെല്ലാം പായസത്തിൽ കലന്നപോലെ സത്തും, ചിത്തും ആനന്ദത്തിൽ കലന്നുപോകുന്നു.

32 ശാന്താഃഘോരാഃശിലാദ്യാശ്ച
ഭേദകോപാധയോ മതാഃ
യോഗാൽവിവേകതോവൈഷാം
ഉപാധീനാം അപാകൃതിഃ.

ശാന്താഃ=മനസ്സിലുള്ള ശാന്തവികാരങ്ങൾ, ഘോരാഃ=അത്യാഗ്രഹം, ക്രോധം, അസൂയ മുതലായ ദുർവ്വികാരങ്ങൾ, ശിലാദ്യാഃച=കല്ലു മുതലായ ജാഡ്യങ്ങളും, ഭേദകോപാധയോമതാഃ=ഭേദപ്പെടുത്തുന്ന കാരണങ്ങളാമെന്നു അറിയപ്പെടുന്നു. യോഗാൽ=യോഗംകൊണ്ടോ, നമുക്കു അറിയുന്നതെല്ലാം ചേർത്താലോചിക്കുന്നതുകൊണ്ടോ, വിവേകതഃവാ=അല്ലെങ്കിൽ താരതമ്യപ്പെടുത്തി വ്യത്യാസങ്ങളെ ഗ്രഹിക്കുന്നതുകൊണ്ടോ, ഏഷാം=ഈ, ഉപാധീനാം=ആനന്ദത്തെ മറയ്ക്കുന്ന കാരണങ്ങളുടെ, അപാകൃതിഃ=നാശം.

ഒന്നും അറിയായ്ക, തെററിധാരണ ഇവകളെ നീക്കം ചെയ്വാൻ അറിവിനുള്ള ശ്രമവും, പ്രവൃത്തികളും ഇല്ലായ്ക മുതലായതാണ ആനന്ദത്തെ മുഴുവനും അനുഭവിപ്പാൻ തരമില്ലാതെ ആക്കുന്നത, അതുകളെ നല്ലവണ്ണം അറിഞ്ഞ താരത

ത്ര്യം മനസ്സിലാക്കി, കല്പിതങ്ങളാണെന്ന ഗ്രഹിക്കുമ്പോൾ ദുഃ
ഖകാരണങ്ങൾ മുഴുവനും നീങ്ങി ബ്രഹ്മാനന്ദത്തെ അനുഭവി
പ്പാൻ ഇടവരുന്നതാണ.

33. നിരുപാധിബ്രഹ്മതത്വെ
ഭാസമാനെ സ്വയംപ്രഭെ
അദ്വൈതെ ത്രിപുടീനാസ്തി
ഭൂമാനന്ദോത ഉച്യതെ.

(2) നിരുപാധിബ്രഹ്മതത്വെ=ഉപധിയില്ലാത്ത ബ്രഹ്മ
തത്വം. (3) ഭാസമാനെ=സ്ഫുരിക്കുമ്പോൾ. (1) സ്വയംപ്രി
ഭെ=സ്വയംജ്യോതിസ്സായിരിക്കുന്ന. (4) അദ്വൈതെ=ബ്ര
ഹ്മാനന്ദൈക്യത്തിൽ. (5) ത്രിപുടി=അനുഭോക്താ, അനുഭ
വം, അനുഭവിക്കപ്പെട്ട വസ്തു എന്ന മൂന്നു. (6) നാസ്തി=ഇ
ല്ല (7) അതഃ=അതുകൊണ്ട, (8) ഭൂമാനന്ദഃ=നിത്യനിരതിശ
യാനന്ദം എന്നു. (9) ഉച്യതെ-പറയപ്പെടുന്നു.

തന്നാ പ്രകാശിക്കുന്ന മറവില്ലാത്ത ബ്രഹ്മസ്വരൂപം
അനുഭവമാകുമ്പോൾ അത ഏകാകാരമായതുകൊണ്ട അനു
ഭവിക്കുന്നവൻ, അനുഭവിക്കപ്പെട്ടത, അനുഭവം ഈ മൂന്നും ഒ
ന്നായിലയിച്ച ബ്രഹ്മാനന്ദം അനുഭവിക്കപ്പെടുന്നു എന്ന പറ
യപ്പെടുന്നു. തന്നെ പ്രകാശിക്കുന്ന ബ്രഹ്മസ്വരൂപം എന്നത
മനസ്സിലാക്കുവാൻ പ്രത്യക്ഷജ്ഞാനത്തെയും, ഊഹത്തെയും
താരതമ്യപ്പെടുത്തി നോക്കിയാൽ എളുപ്പത്തിൽ മനസ്സിലാ
ക്കാം. പ്രത്യക്ഷജ്ഞാനത്തിന്ന കണ്ണ, ചെവി, നാക്ക, മൂക്ക,
ത്വക്ക് ഇവകളുടെ സഹായം ആവശ്യമാണ. പ്രത്യക്ഷമായി
അറിഞ്ഞതിൽ നിന്ന ഊഹിക്കുമ്പോൾ ഇതുകളെപ്പോലെ
ഒന്നുംകൊണ്ടും സഹായംവേണ്ട എന്ന ആദ്യം തോന്നാം. എ
ന്നാലും ആലോചിക്കുമ്പോൾ പ്രത്യക്ഷമായ അറിവ, ബുദ്ധി
ശക്തി, ഓൎമ്മ, അനുമാനശാസ്ത്രജ്ഞാനം മുതലായ്തു വേണമെ

ന്നു വെളിപ്പെടും. ഇതുകളെ എല്ലാം അറിയുന്ന ഉള്ളിലുള്ള ഉട
മസ്ഥൻ, ഞാൻ എന്നറിയാതെ എങ്ങിനെ അറിയുന്നു എന്നാ
ലോചിച്ചാൽ അത സ്വാഭാവികമായി, സ്വയമായി അറിയ
പ്പെടുന്നു എന്ന സമ്മതിക്കേണ്ടിവരും. അതുപോലെ മാത്രമെ
ബ്രഹ്മത്വത്തെ അറിവാൻ തരമുള്ളു. അതാണ സ്വയംജ്യോ
തിസ്സ എന്നും, നമ്മുടെ അകത്തുള്ള കേവലം 'അഹം' എ
ന്നത അതിന്റെ സ്ഥിതിയാണെന്നും പറയപ്പെടുന്നത. മറവി
ല്ലാത്ത എന്ന പറയുന്നതിന്റെ അർത്ഥം അറിവാൻ നാം ഒരു
പദാർത്ഥത്തെ കാണ്മാൻ കണ്ണാടിവെച്ചു നോക്കുമ്പോഴുള്ള
സ്ഥിതി ഓർമ്മവെക്കേണ്ടതാകുന്നു. കണ്ണാടി മുഴുവനും കരിപ്പൂ
ശിയിരുന്നാൽ ഒന്നുംതന്നെ കാണില്ല. അതുപോലെയാകുന്നു
കല്ല, മണ്ണ മുതലായ ജഡവസ്തുക്കളുടെ ഉപാധി. കണ്ണാടി
കുറെ ശുദ്ധിചെയ്യപ്പെട്ട എന്നാലും പച്ചനിറത്തിലൊ, ചു
കന്നൊ, കലന്നനിറങ്ങളിലൊ, കുറെ അഴുക്കായും കുറെ വൃ
ത്തിയായുമോ ഇരുന്നാൽ വിചിത്രസ്വരൂപം കാണപ്പെടുന്നത
മനുഷ്യരുടെ മനസ്സിന്റെ ഘോരമൂഢവൃത്തികളോടുകൂടി ബ്ര
ഹ്മത്വത്തെ ഗ്രഹിക്കുന്നതിന്ന ഉപമിക്കാം. കണ്ണാടി ശുദ്ധ
മാക്കി നോക്കിയാൽ കാണുന്നത ശാന്തവൃത്തിയാലുള്ള അനു
ഭവത്തിന്നും ഉപമിക്കാം. എന്നാൽ കണ്ണാടി ഇല്ലാതെത
ന്നെ കാണുന്നത സ്വയംപ്രഭയാണ. ആ അനുഭവത്തെ അ
പരോക്ഷാനുഭവം എന്ന പറയപ്പെടുന്നു. ഏകരസമാകു
മ്പോഴും എന്ന പറഞ്ഞതിനെ സംഗീതത്തിൽ ഒരു രാഗം
ആലാപിച്ചു കേൾക്കുന്നതിനോടും മിഠായി മുതലായ ഭ
ക്ഷ്യങ്ങൾ രുചിക്കുന്നതിനോടും ഉദാഹരിക്കാം. രാഗാലാപ
നത്തിൽ ശാരീരതാരതമ്യംകൊണ്ടും, സ്വരവിന്യാസഭേദങ്ങ
ളാലുമുള്ള സുഖവ്യത്യാസങ്ങൾ ലയിച്ചുപോകുന്നു. അതുപോ
ലെ മിഠായിയിൽ പഞ്ചസാര, നെയ്യ മുതലായ്തുകളാലുള്ള പ്ര
ത്യേക സുഖങ്ങളെല്ലാം, ലയിച്ചു ഏകരസമാകുന്നു. അതുപോ
ലെ അനേക പുഷ്പരസസാരങ്ങൾ മുഴുവനും തേനിൽലയിച്ച്

ഏകരസമാകുന്നു. ഇതുകളെപ്പോലെ ദ്രവ്യം, യശസ്സ്, ദേഹസൌഖ്യം, ജനസ്വാധീനം മുതലായവകളിലുള്ള സകലസുഖവും ബ്രഹ്മാനന്ദത്തിൽ ലയിച്ച ഏകരസമാകുന്നു. ബ്രഹ്മാനന്ദം ജലംപോലെ ജ്ഞാനസമുദ്രത്തിൽ നിറഞ്ഞതായി ആലോചിച്ചാൽ നമുക്കുണ്ടാവുന്ന സകല സുഖങ്ങളും ആ സമുദ്രത്തിന്റെ അകത്തുതന്നെ കുഴിക്കപ്പെട്ട കുളം, കിണറ, ഏരി മുതലായവകളിലുള്ള വെള്ളംപോലെയാകുന്നെന്നുപറയാം. അവ ബ്രഹ്മാനന്ദത്തിന്റെ ഏകാംശങ്ങളും, ബ്രഹ്മാനന്ദത്തിൽ മുഴുകിയവയുമാകുന്നു.

(1) അനുഭവം (2) അനുഭോക്താ (3) അനുഭവിക്കപ്പെട്ടസുഖം, ഈ മൂന്നും ഒന്നായിലയിക്കുന്നതിന്നു ഉദാഹരണമായി ഒരു നല്ല സംഗീതവാസനയുള്ളവൻ വളരെ വിശേഷമായ ഗാനത്തെ കേൾക്കുന്ന സമയത്ത ഉണ്ടാകുന്നരസത്തിന്നു ഉപമിക്കാം. അപ്പോൾ അവൻ സംഗീതം കേൾക്കുന്നു എന്നും, സംഗീതം എന്നും, താൻഎന്നും വേർതിരിച്ചറിയാതെ ഏകശ്രദ്ധയോടുകൂടിയവനായി ഭവിക്കുന്നു. അതുപോലെ നാം വളരെ ശ്രദ്ധയോടുകൂടി ഒരു അതിരസകരമായ പുസ്തകം വായിക്കുമ്പോൾ അതിലുള്ള സാരം നാം അനുഭവിക്കുന്നു എന്നതു മറന്നു കേവലസുഖത്തെമാത്രം അനുഭവിക്കുന്നു. അതുകൊണ്ടാണ ശ്രീകൃഷ്ണപരമാത്മാവ ഗീതയിൽ.

'യോ യച്ഛ്രദ്ധഃ സ ഏവ സഃ'

യാതൊരുത്തൻ ഏതിൽ ശ്രദ്ധ വെക്കുന്നുവോ അവൻ അപ്പോൾ അതുതന്നെയാണെന്നു പറഞ്ഞിരിക്കുന്നത്. നാം സംസാരത്തിൽതന്നെ ശ്രദ്ധവെച്ചാൽ അപ്പോൾ സംസാരൻതന്നെയാണ, ബ്രഹ്മാനന്ദത്തിൽ ശ്രദ്ധവെച്ചാൽ ബ്രഹ്മാനന്ദംതന്നെയാണ.

34, ബ്രഹ്മാനന്ദാഭിധേ ഗ്രന്ഥേ
പഞ്ചമോദ്ധ്യായ ഈരിതഃ

വിഷയാനന്ദമേതേന
ദ്വാരേണാന്തഃ പ്രവിശ്യതാം.

ബ്രഹ്മസ്വരൂപം സൽ, ചിൽ, ആനന്ദം എന്നായി മൂന്നാകാരത്തിൽ ഭാവിക്കപ്പെടുന്നതിന്നനുസരിച്ച സദവസ്ഥ വ്യക്തപ്പെടുത്തുവാൻ അഞ്ചു വിവേക പ്രകരണവും, ചിദവസ്ഥ വ്യക്തപ്പെടുത്തുവാൻ അഞ്ചു ദീപപ്രകരണവും, ആനന്ദാവസ്ഥ വിശദമാക്കുവാൻ അഞ്ചു ആനന്ദപ്രകരണവും കൂടി പതിനഞ്ചുപ്രകരണമാണു 'പഞ്ചദശീ' ആയി വിദ്യാരണ്യസ്വാമികൾ എഴുതീട്ടുള്ളത. അതിൽ ബ്രഹ്മാനന്ദപഞ്ചകത്തിൽ.

ബ്രഹ്മാനന്ദാഭിധേ=ബ്രഹ്മാനന്ദം എന്നു പറയപ്പെട്ട ഗ്രന്ഥേ=ഗ്രന്ഥത്തിൽ, വിഷയാനന്ദഃ=വിഷയാനന്ദം എന്ന ബാക്കിനാല പ്രകരണം (1) യോഗാനന്ദം (2) ആത്മാനന്ദം (3) അദ്വൈതാനന്ദം (4) വിദ്യാനന്ദം എന്നവയാണ.

പഞ്ചമോദ്ധ്യായഃ=അഞ്ചാം അദ്ധ്യായം; ഈരിതഃ=പറയപ്പെട്ടിരിക്കുന്നു. ഏതേന ദ്വാരേണ=ഈ മാൎഗ്ഗത്താൽ ഇതിൽ പറയുന്ന വഴികളെ അനുസരിച്ച നടന്ന സ്വാഭാവികമാക്കി, അന്തഃ=ആത്മാവിനെ=എല്ലാററിനും ഉള്ളിലുള്ള സാരസ്വരൂപത്തെ, പ്രവിശ്യതാം=പ്രാപിക്കാം.

ഈശ്വരൻ ബ്രഹ്മം, ബ്രഹ്മാനന്ദം മുതലായതുകളെ പറയുമ്പോൾ ആൎക്കും അതിൽ ശ്രദ്ധയുണ്ടാവുന്നത താമസമായിട്ടാണ ലോകത്തിൽ കാണുന്നത. അതുകൊണ്ടു അവൎക്ക എതിൽ ശ്രദ്ധയുണ്ടോ അവിടെ ആത്മതത്വത്തെയും, ബ്രഹ്മാനന്ദത്തെയും സ്ഥാപിക്കേണമെന്നു നിശ്ചയിച്ച വിദ്യാരണ്യസ്വാമികൾ എല്ലാമനുഷ്യരും അതിശ്രദ്ധ വെക്കുന്നതായ വിഷയാനന്ദസ്വരൂപത്തെയും അതു ലഭിക്കേണ്ടു മാൎഗ്ഗങ്ങളെയും ഈ പ്രകരണത്തിൽ വിശദമായി പറഞ്ഞു. യഥാൎത്ഥ

ത്തിൽ ബ്രഹ്മാനന്ദാപരോക്ഷാനുഭവത്തിന്നും, വിഷയസുഖത്തിന്നും അന്തഃകരണശുദ്ധി മുഖ്യാവശ്യമാണെന്നും, അതു ഉണ്ടെങ്കിൽ ഇതു രണ്ടും സിദ്ധിക്കുമെന്നും, അല്ലെങ്കിൽ രണ്ടും സിദ്ധിക്കയില്ലെന്നും രണ്ടിന്നുമുള്ള മാൎഗ്ഗങ്ങൾ പറയപ്പെട്ടപോലെ വ്യത്യസ്തമായുള്ളവ അല്ലെന്നും ഈ പ്രകരണംകൊണ്ടു അറിയാവുന്നതാണു.

35. പ്രീയാദ്ധരിഃഹരശ്ചൈനം
ബ്രഹ്മാനന്ദേനസൎവ്വദാ
പായാച്ചപ്രാണിനഃസൎവ്വാൻ
സ്വാശ്രിതാൻ ശുദ്ധമാനസാൻ.

സൎവ്വദാ=എപ്പോഴും; ഹരിഃഹരഃ=വിഷ്ണുവാകുന്ന ശിവൻ (രണ്ടും ഭേദമില്ലെന്നൎത്ഥം), ഏനം=ഇ, ബ്രഹ്മാനന്ദേന =ബ്രഹ്മാനന്ദത്താൽ, പ്രീയാൽ=സന്തോഷിക്കട്ടെ, സ്വാശ്രിതാൻ=തന്നെ ആശ്രയിക്കുന്ന; ശുദ്ധമാനസാൻ=മനഃശുദ്ധിയുള്ള; സൎവ്വാൻ=എല്ലാ; പ്രാണിനഃ=പ്രാണികളെയും പായാൽ ച=രക്ഷിക്കയും ചെയ്യട്ടെ.

എല്ലാ പ്രാണികളിലും ഏകീകാരം ഭവിക്കുന്നകാലത്തു ഉണ്ടാകുന്ന ആനന്ദമാണു ബ്രഹ്മാനന്ദം. അതു ഘോരമൂഢവൃത്തികളെ ഇച്ഛാശക്തി, ക്രിയാശക്തി, ജ്ഞാനശക്തി ഇവകളെക്കൊണ്ടു അതി ബലവാന്മാരാക്കി നിഗ്രഹത്താൽ ശാന്തങ്ങളാക്കുമ്പോളാണു ആനന്ദമുണ്ടാവുന്നതു. 'ഹരിഃ,' 'ഹരഃ' എന്ന പദങ്ങൾക്കു നിഗ്രഹം ചെയ്യുന്നവർ എന്നൎത്ഥമാകുന്നു. അവർ ജ്ഞാനശക്തി, ഇച്ഛാശക്തി, ക്രിയാശക്തി, ഇവയെ നിഗ്രഹം ചെയ്യുന്നതുകൊണ്ടു ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു. അതുപോലെ ഇതരപ്രാണികളും ചെയ്യേണ്ടതാണെന്നും, അതുകൊണ്ടു അന്തഃകരണ ശുദ്ധിയുണ്ടാകുമെന്നും അപ്പോൾ ബ്രഹ്മാനന്ദാനുഭവം ഉണ്ടാകുന്നതാണെന്നും ഇവ

കൾക്കെല്ലാം എപ്പോഴും ഈശ്വരൻ വിഷ്ണുശിവസ്വരൂപങ്ങളാൽ സഹായിക്കുന്നുണ്ടെന്നും വെളിപ്പെടുന്നു.

:0:

"ഇതി ശ്രീമൽ പരമഹംസ പരിവ്രാജകാചാര്യശ്രീ വിദ്യാരണ്യമുനി വിരചിതായാം പഞ്ചദശ്യാം ബ്രഹ്മാനന്ദെ വിഷയാനന്ദഃ സമാപ്തഃ."

ഇപ്രകാരം ഉത്തമസന്യാസിയായ വിദ്യാരണ്യസ്വാമികളാൽ എഴുതപ്പെട്ട വിഷയാനന്ദപ്രകരണം എന്നത അവസാനിച്ചു.

(ശ്രീ ഹരിഃ ഓം).

8223

6 JAN 1938

R66x H50;1 32F2
VISHAYANANDA PRAKARANA—VENKATESWARA IYER

Indic Digital Archive Foundation
gpura.org